ജനുവരി 2013

ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വാല്യം – 26 ലക്കം – 01

ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ്

ദേവാലയകൂദാശ

2013 ഫെബ്രുവരി 6, 7 തീയതികളിൽ

മുഖപത്രിക

മുറിവേൽപ്പിക്കപ്പെടുന്നവർ

ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്

ഈ രാജ്യം ഒട്ടും സുരക്ഷിതമല്ല എന്ന് തെളിയിക്കുന്ന അനേക സംഭവങ്ങളിൽ ഒന്നാണല്ലോ ഡൽഹിയിൽ അരങ്ങേറിയത്. കഴിഞ്ഞകാലങ്ങളിൽ സംസ്കാര സമ്പന്നമായ ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചു കേരളത്തിലും ഇത്തരം ഹീനകൃത്യങ്ങൾ നടമാടി. ഹിംസ ആനന്ദമായി മാറിയ സമൂഹത്തിന്റെ ഒരു നേർക്കാഴ്ചയായി ഡൽഹി സംഭവം മാറിയിരിക്കുന്നു. സംഘർഷഭരിതമായ സാഹചര്യം സൃഷ്ടിച്ചു. രാഷ്ട്രീയ-മത പിൻബലമില്ലാതെ പൊതുസമൂഹം പ്രത്യേകിച്ച് വിദ്യാർത്ഥി യുവസമൂഹം തെരുവിൽ ഇറങ്ങി. അവർക്ക് രണ്ട് മുദ്രാവാക്യങ്ങൾ മാത്രം 'ഞങ്ങൾക്ക് നീതി കിട്ടണം' 'ഞങ്ങൾക്ക് സുരക്ഷിതത്വം വേണം'.

കുറ്റക്കാർ എങ്ങനെ ശിക്ഷിക്കപ്പെടണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ചർച്ചാവിഷയം. നിയമം അനുശാസിക്കുന്ന ഏറ്റവും കടുത്ത ശിക്ഷ എന്ന ആർപ്പുവിളി ഉയരുന്നു. നിയമങ്ങളുടെ അഭാവമല്ല മറിച്ച് ശിക്ഷിക്കപ്പെടേണ്ടവർ വിവിധ പഴുതുകളിലൂടെ രക്ഷപെട്ട് സമൂഹത്തിൽ മാന്യന്മാരായി വിലസുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ നിയമങ്ങൾ ഉള്ള രാജ്യമാണ് ഭാരതം. എന്നാൽ നിയമം നടപ്പാക്കാനുള്ള നിയമം ഇല്ലാതെ പോയി എന്നതാണ് ദുസ്ഥിതി. ശിക്ഷകൊണ്ടു മാത്രം സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കുറയുന്നില്ല. ശരിയായ ബോധവൽക്കരണം രോഗഗ്രസ്തമായി കൊണ്ടിരിക്കുന്ന ഈ സമൂഹത്തിന് ആവശ്യമാണ്.

സ്ത്രീ-പുരുഷ ബന്ധത്തിലെ ഉദാത്തവും പരിപാവനവുമായ ബന്ധങ്ങൾക്ക് അർത്ഥം മാറി കേവലം ലൈംഗികത മാത്രം മുഖ്യ ചിന്തയായി മാറിയപ്പോൾ സ്ത്രീകൾക്കു നേരെയുള്ള നിഷ്ഠൂരമായ അതിക്രമങ്ങൾ വർദ്ധിച്ചു വന്നിരിക്കുന്നു. വ്യക്തി എന്നതിലുപരി ഒരു വസ്തുവിനോടുള്ള സമീപനമായി സ്ത്രീ-പുരുഷ ബന്ധം മാറിയിരിക്കുന്നു. 'പെണ്ണുടൽ' പ്രദർശന വസ്തുവായും ഭോഗ വസ്തുവായും, മുഖ്യ വരുമാന മാർഗ്ഗമായും വിനോദ സഞ്ചാര വളർച്ചയ്ക്ക് നിദാനമായും ആധുനിക ലോകം മാറ്റി എടുത്തു. ആണും പെണ്ണും തമ്മിലുള്ള ഊഷ്മളമായ ബന്ധത്തിന്റെ വ്യക്തിപരതയും സ്വകാര്യതയും പൂർണ്ണമായും നിഷേധിക്കുന്ന ഒരു ദുരവസ്ഥയിലേക്ക് ലോകം ഇന്ന് മാറിയിരിക്കുന്നു.

ഇവിടെ ജീവനും മാനത്തിനും വ്യക്തിത്വത്തിനും കോട്ടം തട്ടാതെ പൊതുസമൂഹത്തിൽ കടന്നുകൂടിയിരിക്കുന്ന ജീർണ്ണതകളെ നീക്കം ചെയ്ത് 'നീതിയും' 'സുരക്ഷിതത്വ'വുമുള്ള ഒരു സാമൂഹിക പരിതസ്ഥിതി സംജാതമാക്കുവാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. നമ്മുടെ സാമൂഹിക മതജീവിതത്തിൽ വേട്ടയാടപ്പെടുന്ന സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി പ്രതികരിക്കുവാൻ സമൂഹ മനസ്സാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങളെ ഇല്ലാതാക്കുവാൻ ശ്രമം ഉണ്ടാകണം. സഹജീവിയെ സംരക്ഷിക്കുവാനും നീതിയോടെ പരിപാലിക്കുവാനും കഴിയണം.

വാല്യം – 26 ലക്കം – 1

1987-2013

ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ജനുവരി 2013

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

താളുകളിൽ....

5 ഇടയപത്രിക
സണ്ടേസ്ക്കൂൾ പഠനം മാറ്റിവയ്ക്കുന്നത് അപകടകരം
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

6 സമകാലികം
ആലസ്യത്തിൽ നിന്നും ഉണരുക
പ്രൊഫ. മേരി മാത്യു

8 സമകാലികം
സ്ത്രീകൾ സുരക്ഷിതരോ..?
അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

11 ആരാധനാ വിജ്ഞാനീയം
നിലയ്ക്കാത്ത സ്തുതി
ഫാദർ സഖറിയാ പനയ്ക്കാമറ്റം

13 വചനപരിച്ഛേദം
കുറുക്കുവഴികളിൽ അന്യമാകുന്ന ദൈവം
ഫാ. പി.വി. ജോൺ

14 ഏവൻഗേല്യോന്യധ്യാനം
മെൽതോ
ഫാ. ബിജു റ്റി. മാത്യു

18 ലേഖനം
പ്രലോഭനങ്ങൾ!!
തോമസ് കുര്യൻ

19 ലേഖനം
ദമ്പതിമാരുടെ പരസ്പര സ്നേഹം
വർഗ്ഗീസ് ഫിലിപ്പ്

21 ലേഖനം
സ്നേഹം വിതച്ച് നന്മ കൊയ്യുക
ഗ്രേസി രാജു തൈയ്യിൽ

ബാലപത്രിക	22
പ്രതികരണ പത്രിക	24
ദശാംശ പദ്ധതി	25
ഭദ്രാസന വാർത്തകൾ	27
സണ്ടേസ്കൂൾ വാർത്തകൾ	30

വരിസംഖ്യ

1 വർഷം	₹ 100
2 വർഷം	₹ 200
5 വർഷം	₹ 450
15 വർഷം	₹ 1500

പരസ്യനിരക്കുകൾ

Cover Back Multy	₹ 5000
Front Inner B/W	₹ 3000
Back Inner B/W	₹ 2500
Favours Recived	₹ 500
Matrimonial	₹ 500

പത്രാധിപസമിതി

മാനേജിംഗ് എഡിറ്റർ & പബ്ലിഷർ
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

ചീഫ് എഡിറ്റർ
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

എഡിറ്റർ
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

അസ്സോസിയേറ്റ് എഡിറ്റർ
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

സർക്കുലേഷൻ മാനേജർ
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479 - 2457586, 9447776146

വെബ് അഡ്മിനിസ്ട്രേറ്റർ
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479 - 2311692, 9446697328
E-mail: binu303@gmail.com

അംഗങ്ങൾ
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി

ഇടയപത്രിക

സണ്ടേസ്ക്കൂൾ പഠനം മാറ്റിവയ്ക്കുന്നത് അപകടകരം

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിക്കുമ്പോൾ മനുഷ്യന്റെ വ്യക്തിത്വം വികസിക്കുകയും അതുവഴി അവൻ ഉത്തമപൗരൻ ആയിത്തീരുകയും ചെയ്യും എന്നതാണ് നമ്മുടെ പരമ്പരാഗത ധാരണ. ആധുനിക വിദ്യാഭ്യാസത്തിന്റെ സിലബസുകൾ വ്യത്യസ്ത വിഷയങ്ങളെപ്പറ്റിയുള്ള അറിവുകൾ കുത്തി നിറയ്ക്കുന്നുണ്ട് എങ്കിലും സമൂഹത്തോടുള്ള സഹവർത്തിത്വത്തിൽ ഒരു വ്യക്തിയെ വളർത്തിയെടുത്തുള്ള അറിവുകൾ കാര്യമാത്ര പ്രസക്തമായി പങ്കു വയ്ക്കുന്നില്ല. ചാവേറുകൾ ആയി പൊട്ടിത്തെറിക്കുന്ന യൗവനങ്ങൾ പലരും ഉന്നത ബിരുദധാരികൾ ആണെന്നുള്ള തിരിച്ചറിവ് നമ്മെ ഞെട്ടിപ്പിക്കുന്നവയാണ്.

ആധുനിക വിദ്യാഭ്യാസം മാർക്കുകളുടെയും ഗ്രേഡുകളുടെയും ലോകത്താണ്. മൂല്യബോധന വിദ്യാഭ്യാസം എന്നത് ഈ ആഗോളവത്ക്കരണ യുഗത്തിൽ അവഗണിക്കപ്പെടുന്നു. എന്റെ ചെറുകാലത്തെ വിദ്യാഭ്യാസ ഘട്ടത്തിൽ പാഠപുസ്തകത്തിൽ ഉണ്ടായിരുന്ന ഗുണപാഠങ്ങൾ ഇന്നും എന്നെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ചുറ്റുപാടുകളുമായി പ്രതിബദ്ധതയില്ലാത്ത മനുഷ്യന്റെ ജ്ഞാനസമ്പാദനം അത്യന്തം അപകടകാരിയാണ്. യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്ക് അറിവ് പകർന്ന് കൊടുത്തത് ചുറ്റുപാടുകളെ ഗൗരവമായി എടുത്തുകൊണ്ടാണ്.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ സണ്ടേസ്ക്കൂൾ വിദ്യാഭ്യാസത്തിന് നിർണ്ണായകമായ സ്വാധീനമുണ്ട്. എന്നാൽ മാതാപിതാക്കൾ സെക്കുലർ വിദ്യാഭ്യാസത്തിന്റെ അമിതപ്രാധാന്യം മൂലം ഈ വിദ്യാഭ്യാസം അവഗണിക്കുന്നു. വിദ്യാർത്ഥി മാത്തമാറ്റിക്സും, ഫിസിക്സും, കെമിസ്ട്രിയും, ഹിസ്റ്ററിയും പഠിച്ചാൽ അവന് വേണ്ടത് എല്ലാമായി എന്ന മാതാപിതാക്കളുടെ ചിന്ത അനാവശ്യമാണ്. കുട്ടി എന്തു പഠിച്ചാലും അവന് ജീവിക്കാനും സ്നേഹിക്കാനും പങ്കു വയ്ക്കാനും അറിയില്ലാ എങ്കിൽ അവൻ സ്വന്തമാക്കുന്ന അറിവുകൾ പ്രയോജന രഹിതമാണ് എന്ന കാഴ്ചപ്പാട് നമ്മുടെ ഇടയിൽ കൂടുതൽ ശക്തിയാർജ്ജിക്കേണ്ടിയിരിക്കുന്നു. സ്നേഹവും, ത്യാഗവും, പ്രതിസന്ധിയുമൊക്കെ ഒരു വിദ്യാർത്ഥി സ്വന്തമാക്കേണ്ട മഹത്തായ പാഠങ്ങൾ ആണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ഈ പാഠങ്ങൾ സിലബസ്സുകൾക്ക് അപ്പുറം നമ്മുടെ ജീവിതത്തിലൂടെയും, മതബോധന കാഴ്ചപ്പാടുകളിലൂടെയും കാര്യക്ഷമമായി ഈ യുവതലമുറയിലേക്ക് പകരപ്പെടേണ്ടിയിരിക്കുന്നു.

ഡൽഹിയിലെ പെൺകുട്ടിക്ക് സംഭവിച്ച ദാരുണമരണം ഭാരത മനസാക്ഷിയെ പിടിച്ചു കുലുക്കി. പ്രായപൂർത്തിയാകാത്ത ഒരു കുട്ടിപോലും ഈ അതിക്രൂര കൊലപാതകത്തിന്റെ പ്രതിപട്ടികയിൽ ഇടംപിടിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസ പ്രതീക്ഷകൾക്ക് എവിടെയാണ് താളം പിഴയ്ക്കുന്നത്? പെൺകുട്ടികളുടെ വ്യക്തിത്വം സംരക്ഷിക്കപ്പെടേണ്ടതിന്റെ അതിപ്രാധാന്യം നമ്മുടെ സിലബസുകളിൽ കൂടുതൽ ഗൗരവമായി ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ കുട്ടികളുടെ സണ്ടേസ്ക്കൂൾ വിദ്യാഭ്യാസം നാം ഗൗരവമായി എടുത്ത് കൂടുതൽ കാര്യക്ഷമമായി നമ്മുടെ വരുംതലമുറയുടെ സ്വഭാവരൂപീകരണം ബലപ്പെടുത്തണം. ജീവന്റെ സുരക്ഷിതത്വത്തിനും, ജീവിതത്തിന്റെ സുഗമമായി നിലനിൽപ്പിനും നമ്മുടെ കുട്ടികൾക്ക് സണ്ടേസ്ക്കൂൾ വിദ്യാഭ്യാസം അനിവാര്യമാണെന്നും അത് നിഷേധിക്കുന്നത് അവനോട് ചെയ്യുന്ന കൊടുംക്രൂരതയാണെന്നും നാം തിരിച്ചറിയണം. ഈ തിരിച്ചറിവ് സണ്ടേസ്ക്കൂൾ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകാൻ നമ്മേ സഹായിക്കട്ടെ. ജനുവരി മാസത്തോടുകൂടി ആരംഭിക്കുന്ന പുതിയ സണ്ടേസ്ക്കൂൾ അദ്ധ്യയന വർഷം നമ്മുടെ എല്ലാ കുട്ടികളും സണ്ടേസ്ക്കൂളിൽ ചേർന്ന് പഠിച്ചു കാണുവാൻ നാം ആഗ്രഹിക്കുന്നു. മാതാപിതാക്കൾ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ ഭാവിയിൽ ദു:ഖിക്കേണ്ടി വരും.

സമകാലികം

ആലസ്യത്തിൽ നിന്നും ഉണരുക

പ്രൊഫ. മേരി മാത്യു

ഭയാനകവും ക്രൂരവുമായ സംഭവങ്ങൾ ദിനന്തോറും വർദ്ധിപ്പിക്കുന്ന ആശങ്കകൾ.......ഒരു നാടിന്റെ ആന്തരിക വിശുദ്ധിയ്ക്കും സംസ്ക്കാരത്തിനും ഭവിച്ചുകൊണ്ടിരിക്കുന്ന വിള്ളൽ..... പരസ്പര വിശ്വാസം നഷ്ടപ്പെടുത്തുന്നതു മൂലമുണ്ടാകുന്ന മാനസികമായ അകൽച്ച... ഇവയ്ക്ക് കാരണം കണ്ടെത്തി തിന്മയെ ഇല്ലാതാക്കുവാൻ ഉണരുക കണ്ണുനീരോടെ പ്രാർത്ഥിക്കുക ആത്മതപനത്താൽ വെണ്മയുള്ളവരായി തലമുറകളെ നന്മയുടെ പാതയിൽ ജീവിക്കുവാൻ അവസരം ഒരുക്കുക. ഉറക്കം നടിച്ച് മൗനത്തിന്റെ വാല്മീകത്തിൽ സ്വാർത്ഥമാനസരായിരുന്നാൽ തിന്മയുടെ കരാളഹസ്തങ്ങൾ തൊട്ടരികിൽ തന്നെയാണ്. മനുഷ്യത്വത്തിന്റെ കണികയെങ്കിലുമുള്ളവർ ആത്മവിശകലനം ചെയ്ത് സ്വയം തിരുത്തുകയും ആത്മവികാരങ്ങളെ ദമനം ചെയ്യുകയും വേണം.

കിരാതമായി ഉപദ്രവിക്കപ്പെട്ടവരുടെ വേദനകൾക്ക്, കണ്ണുനീരിന്, അപമാനത്തിന്, മരണത്തിന് ആരാണ് ഉത്തരവാദികൾ? ഇരയായവരും ഇരയാക്കിയവരും അവരെല്ലാം നമ്മുടെ മക്കളും സഹോദരങ്ങളുമല്ലേ? വേട്ടക്കാർക്ക് പ്രകാശമില്ലാത്ത അഭ്യാസങ്ങൾ പലതും നൽകിയ കുടുംബം, സമൂഹം, വിദ്യാലയങ്ങൾ, രാഷ്ട്രീയം, ആത്മീയധാര ഇവയെല്ലാം ഉത്തരവാദിത്വങ്ങളെക്കുറിച്ച് പുനരാലോചനയ്ക്ക് വിധേയമാകേണ്ടതാണ്.

ദീർഘവീക്ഷണത്തോടെ വിദ്യാലയങ്ങളിൽ നടത്തിയിരുന്ന മൂല്യാധിഷ്ഠിത ബോധവൽക്കരണം എടുത്തു മാറ്റിയപ്പോൾ തന്നെ ഭാവിയിൽ വരാവുന്ന ധാർമ്മികാധഃപതനത്തെക്കുറിച്ച് ഗുരുക്കന്മാർ ഉത്കണ്ഠപ്പെട്ടിരുന്നു. കാണുവാൻ കണ്ണില്ലാതെയും കേൾക്കുവാൻ ചെവിയില്ലാതെയും ഇരുന്നാൽ തലമുറകളെ പരീക്ഷണവസ്തുക്കളാക്കിയാൽ ദൂരവ്യാപകമായ ഭക്ഷ്യഭവിഷത്തുണ്ടാകുമെന്ന് ഇനിയെങ്കിലും തിരിച്ചറിഞ്ഞ് സങ്കുചിതചിന്തയുടെ ആവരണങ്ങൾ എടുത്തെറിയുവാൻ ഉള്ള ധൈര്യം കാട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആത്മവിശ്വാസവും ആത്മധൈര്യവുമുള്ള തലമുറയെ വാർത്തെടുക്കുമ്പോൾ മാത്രമേ മൃഗീയത കുറഞ്ഞ് മനുഷ്യത്വം വളരുകയുള്ളൂ. തമ്മിൽ തമ്മിൽ ശത്രുത പുലർത്തുവാനും തല്ലിത്തല്ലി കൊല്ലുവാനും പഠിപ്പിക്കുന്ന സ്വാർത്ഥതയേറിയ മുതിർന്ന തലമുറയിൽപ്പെട്ടവർ ഇനിയും തിരിച്ചറിയാത്തതെന്തേ. അവർ പോലും അറിയാതെ അവർ നശിപ്പിച്ചതും നശിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ മണ്ണും, പെണ്ണും, വിണ്ണും വരുത്തുന്ന ദുരന്തങ്ങൾ! സാഹോദര്യം നഷ്ടപ്പെടുകയും കാവൽക്കാരാകേണ്ടവർ ക്രൂരരാകുകയും ചെയ്യുന്ന ആധുനിക കാലത്ത് പച്ചപ്പുകൾ വളരുകയും പ്രകൃതിയും ഹൃദയങ്ങളും മരുഭൂമിയായിത്തീരുകയും ചെയ്യുന്നു.

ആഡംബരാസക്തിതമായ സമൂഹം ലൗകികമോഹങ്ങളിൽ ആമഗ്നമാണ്. വിപണി ലക്ഷ്യമാക്കി നിഗൂഢമായി തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന പരസ്യങ്ങളിൽ ആകർഷിക്കപ്പെട്ട് എന്തും നേടുവാൻ എങ്ങനെയും ജീവിക്കുന്നവർ! ദൃശ്യശ്രവ്യ മാധ്യമങ്ങൾ ഒരുക്കുന്ന പല പ്രലോഭനങ്ങളിലും ഈയാംപാറ്റകൾ പോലെ എരിഞ്ഞുതീരുന്ന ജീവിതങ്ങൾ! അധാർമ്മികമായ ധൂർത്ത് പെരുകുന്ന കാലത്ത് സംസ്ക്കാരച്യുതി സംഭവിക്കുന്നു. ആരാണ് ഈ കെടുതികളിൽ നിന്ന് ജനതയ്ക്കു കാവലാളുകളാകുന്നത്? ദൈവാശ്രയവും ബോധവത്ക്കരണവും ശിക്ഷയും ശിക്ഷണവും ജാഗ്രതാസമിതികളും ആവശ്യമാണ്. ആത്മനിയന്ത്രണം നഷ്ടപ്പെട്ട മനുഷ്യൻ മൃഗത്തേക്കാൾ കഷ്ടമാണ്. കുട്ടികൾ വളർന്നുവരുന്ന ഓരോ നിമിഷത്തിലും ശരീര

ത്തിനും മനസ്സിനും ബുദ്ധിക്കും ലൈംഗിക പക്വതയ്ക്കും ദൈവാശ്രയത്തിനും വിദ്യാഭ്യാസം ആവശ്യമാണ്. അതിന് മാതൃകകളും നിർദ്ദേശങ്ങളും അനിവാര്യമാണ്. അച്ചടക്കവും മൂല്യബോധവുമുള്ള മാതാപിതാക്കളും അദ്ധ്യാപകരും കുടുംബങ്ങളിലും വിദ്യാലയങ്ങളിലും മതത്തിലും രാഷ്ട്രീയത്തിലും ഇല്ലാതെപോകുന്നതല്ലേ ഈ വിനാശത്തിന് കാരണമെന്ന് തിരിച്ചറിയാതെ ഇരുന്നാൽ.......

ഏതും തകിടം മറിയുന്ന കാലത്ത് മദ്യം, മയക്കുമരുന്ന് ഇത്യാദികൾക്ക് സമൂഹത്തിലുള്ള 'ഇടം' എന്താണ്? എവിടെയും സുലഭമായി ലഭിക്കുന്നത് കുടുംബാന്തരീക്ഷങ്ങളിൽ പോലും ലഹരി വസ്തുക്കളുടെ ശേഖരം വച്ചും ഉപയോഗിക്കുവാൻ പ്രയാസമില്ലാത്ത നവകാലത്ത് പുതിയതലമുറ എന്താണ് മാതൃകയാകേണ്ടത്? അവർ എന്ത് കണ്ടും കേട്ടുമാണ് വളരുന്നത്? സ്നേഹമില്ലാത്ത കുടുംബാന്തരീക്ഷം ഉളവാക്കുന്ന വിട്ടുവീഴ്ചയില്ലായ്മയും ആശയവിനിമയമില്ലായ്മയും ബന്ധങ്ങളിൽ പരസ്പര ബഹുമാനത്തിന് പകരം ഉപയോഗിച്ച് കളയുവാനുള്ള 'വസ്തുക്കൾ' എന്ന അവസ്ഥയും പുതിയ തലമുറയുടെ മനസ്സിൽ അക്രമവാസനയും രൗദ്രഭാവവും ദയാരാഹിത്യവും വർദ്ധിപ്പിക്കുന്നു.

പ്രശ്നങ്ങളുടെ നേരെ കണ്ണടച്ചിട്ടോ പ്രതിവിധികൾക്കു ശ്രമിക്കാതിരുന്നിട്ടോ കാര്യമില്ല. വിമോചനത്തിനായി ദൈവസന്നിധിയിൽ താഴ്മയോടെ ചെല്ലാം. അതിന് കണ്ണുനീരോടെയുള്ള പ്രാർത്ഥനയും മാതൃകാപരമായ ജീവിതവും വർദ്ധിക്കണം. കുടുംബം സ്നേഹമുള്ളതും സംയമനമുള്ളതും സഹകരണമുള്ളതുമായിത്തീരണം. പണത്തിന്റെ സ്രോതസ്സ് സംശുദ്ധമായിരിക്കണമെന്നു മാത്രമല്ല ദൈവം നൽകിയ താലന്തുകളുടെ ദശാംശം സാമൂഹികോന്നമനത്തിനും ഉപയോഗിക്കുന്നതുകണ്ട് അതിന്റെ ഭാഗമായി കുട്ടികൾ വളരണം.

നേതൃത്വം ഏതു കുത്സിത മാർഗ്ഗത്തിലൂടെയും ആർജ്ജിക്കേണ്ട അധികാരമല്ല. സഹകരണാധിഷ്ഠിതമായ സ്നേഹശുശ്രൂഷയാണെന്ന് ഇനിയെങ്കിലും മനസ്സിലാക്കി എല്ലാ രംഗത്തും പ്രവർത്തിച്ചില്ലെങ്കിൽ കൂടുതൽ അരാജകത്വമേ ഉണ്ടാകൂ. നന്മയുടെ വഴിയിൽ ഉത്തരവാദിത്തങ്ങൾ ഏൽക്കുമ്പോൾ മാത്രമേ പരസ്പര ബഹുമാനമുണ്ടാകുകയുള്ളൂ. പരസ്പരം ബഹുമാനിക്കുന്നത് കണ്ട് വളരുവാൻ ഏത് സാഹചര്യമാണ് തലമുറകൾക്ക് ഉള്ളത്? സ്വാർത്ഥതയും അധികാരഭ്രമവും ആഡംബരവും വർദ്ധിക്കുമ്പോൾ നന്മ കാണുവാനും കേൾക്കുവാനും അനുഭവിക്കുവാനും ഇല്ലാത്ത തലമുറ ഭ്രാന്തമായ ആവേശത്തോടെ സ്നേഹമില്ലാതെ ചെയ്യുന്ന ക്രൂരത ചൂടുവാർത്ത ആർത്തിയോടെ വായിച്ചാൽ, കണ്ടാൽ മതിയോ? തെറ്റു ചെയ്തവരെ, ചെയ്യുന്നവരെ ശിക്ഷിക്കുന്നതു കൊണ്ടുമാത്രം ശാശ്വത പരിഹാരമാകുന്നില്ലയ തെറ്റു ചെയ്യാതെ ജീവിക്കുവാൻ അറിയാവുന്ന, നന്മകൾ സ്വീകരിക്കുവാൻ പഠിക്കുവാൻ ശക്തിയുള്ള, പരസ്പരം സ്നേഹിക്കുവാനും ആദരിക്കുവാനും അറിയാവുന്ന തലമുറകളെ സൃഷ്ടിക്കുവാൻ, രൂപപ്പെടുത്തുവാനുള്ള ചുമതല രാഷ്ട്രീയവും മതവും അതുവഴി വിദ്യാഭ്യാസ മേഖല.യും കുടുംബവും ക്രിയാത്മകമായി ഏറ്റെടുക്കണം.

ഏതു പ്രശ്നവും വരുമ്പോൾ ഒരു വേണ്ടാ 'ഞെട്ടൽ'. പിന്നെ എല്ലാം മറന്നുള്ള അധാർമ്മിക വഴി. സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ചു നടക്കുമ്പോൾ ആൺപെൺ സൗഹൃദങ്ങൾ ആരോഗ്യപരമായി കൊണ്ടുപോകുവാൻ പ്രാപ്തിനൽകേണ്ടതിന് പകരം എന്താണ് ഇന്ന് നടക്കുന്നത്?

ഡൽഹിയിൽ മാത്രമല്ല എവിടെയെല്ലാമാണ് സ്ത്രീകൾ അപമാനിതരായിക്കൊണ്ടിരിക്കുന്നത്! ആൺപെൺ കുട്ടികൾ, യൗവനക്കാർ, വൃദ്ധർ എവിടെയെല്ലാമാണ് ദുരുപയോഗത്തിന് വിധേയരാകുന്നത്! തീരാവേദനയുടെ തോരാത്ത കണ്ണീർ മനുഷ്യരായിട്ടുള്ള ആർക്കെങ്കിലും ശാന്തി ലഭിക്കുമോ! അല്പമെങ്കിലും മാതൃത്വസ്നേഹമുള്ളവർക്ക് സ്വച്ഛമായി ഉറങ്ങാൻ സാധിക്കുമോ? ഇനിയും നമ്മോടു തന്നെ നാം മിണ്ടിയില്ലെങ്കിൽ ആലസ്യത്തിൽ നിന്ന് ഉണർന്നില്ലെങ്കിൽ കല്ലുകൾ ആർക്കുകയില്ലേ?

നാം ജീവിക്കുന്ന ചുറ്റുപാടുകളിലുമുള്ള പത്തുഭവനങ്ങളിൽ ധാർമ്മികബോധം വളർത്തുവാൻ കുഞ്ഞുങ്ങളെ നന്മയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ നമ്മുടെ ജീവിതം മാതൃകയാണോ? ആത്മവിശകലനത്തിന് ഒരു ശ്രമം! അപകടങ്ങളെല്ലാം ഇന്ന് നിത്യജീവിതത്തിന്റെ ഭാഗമായി. ക്രൂരത എത്ര ചെയ്താലും അവരെ രക്ഷിക്കുവാൻ ധാരാളം പേർ!

ഇരയായിപോകുന്ന ഓരോ വ്യക്തിയുടെയും വ്യഥ വേട്ടക്കാരന്റെ മാനസികാവസ്ഥ അറിയാതെ പോകുന്നു. ഇരയായതിന്റെ വേദന കേവലം ശാരീരികം മാത്രമല്ല ഒരു നാടിന്റെ ആത്മാവിലാണ് മുറിപ്പാടുകൾ... ഉണങ്ങാത്ത മുറിപ്പാടുകൾ. അധഃപതനത്തിൽ നിന്ന് നന്മയിലേക്ക് വരുവാൻ പിതാക്കന്മാർ നിർമ്മദവും ഗൗരവവും സുബോധമുള്ളവരാകുവാനും അമ്മമാർ പവിത്രയോഗ്യരും ലഹരിക്കടിമപ്പെടുവാനും ഏഷണി പറയാത്തവരും നന്മ ഉപദേശിക്കുന്നവരുമാകുവാൻ (തീത്തോസ് 2) ഉണരുക ഉയരുക ഒത്തൊരുമിച്ച് പ്രാർത്ഥനയോടെ........

(ലേഖക മർത്ത് മറിയം സമാജം കേന്ദ്ര ജനറൽ സെക്രട്ടറി)

സ്ത്രീകൾ സുരക്ഷിതരോ..?

അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമം വർദ്ധിക്കുന്ന ഇക്കാലത്ത് സ്ത്രീ പീഡകൾക്ക് ജീവപര്യന്തം തടവോ, വധശിക്ഷോ ഉറപ്പാക്കുന്ന പുതിയ സുരക്ഷിതത്വ നിയമം വരാൻ പോകുന്നു. വനിതകളുടെ സ്വകാര്യതയും അന്തസ്സും സുരക്ഷിതത്വവും നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഭയരഹിതമായി ജീവിക്കുന്ന അവസ്ഥയാണ് സുരക്ഷിതത്വം. വേർകൃത്യങ്ങളില്ലാതെ ഒരുമിച്ച് വസിക്കുന്ന അനുഭവമാണ് സുരക്ഷിതത്വം. സ്വാർത്ഥതയും വിദ്വേഷവും ഇല്ലാത്ത അവസ്ഥയാണ് സുരക്ഷിതത്വം. എല്ലാവരും അമൂല്യമായിത്തീരുന്ന അവസ്ഥയാണിത്. സ്ത്രീ പുരുഷ സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിനു മാത്രമേ സുരക്ഷിതത്വം നൽകുവാൻ കഴിയുകയുള്ളു. ഇന്ന് സമൂഹം നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് സ്ത്രീ സുരക്ഷ.

സമകാലിക ചരിത്രത്തിൽ നിരവധി പ്രതിസന്ധികൾ നേരിടുന്ന സാമൂഹിക ചുറ്റുപാടിലാണ് സ്ത്രീകൾ. മനുഷ്യർ ഉയർത്തിപ്പിടിച്ച എല്ലാ മൂല്യങ്ങളും ഇന്ന് വിപണിയിൽ വില്പന ചരക്കുകളായി മാറി. ആഗോളവൽക്കരണവും പുത്തൻ സാമ്പത്തിക നയങ്ങളുമെല്ലാം സ്ത്രീയെ വെറും ഉല്പന്നങ്ങളായി കാണുവാൻ പ്രേരിപ്പിക്കുന്നവയാണ്. കമ്പോളവും ലാഭവുമാണ് എല്ലാവരുടെയും ലക്ഷ്യം. മാനുഷിക വികാരങ്ങൾക്കും മൂല്യങ്ങൾക്കും വില കൽപിക്കുന്ന സമൂഹം പോലും മാധ്യമങ്ങളുടെ കച്ചവടകണ്ണുകളിൽ കുടുങ്ങിക്കിടക്കുകയാണ്.

ജോലിസ്ഥലങ്ങളിൽ, പൊതുയിടങ്ങളിൽ, ആതുരാലയങ്ങളിൽ, ആത്മീയ കേന്ദ്രങ്ങളിൽ, ബസ്സിൽ, ട്രെയിനിൽ, വിമാനത്തിൽ എന്തിന്

ഏറ്റവും സുരക്ഷിത ഇടം എന്ന് വിശേഷിപ്പിക്കുന്ന സ്വന്തം വീടുകളിൽ പോലും സ്ത്രീകൾ സുരക്ഷിതരല്ല. ഭവനാംഗങ്ങൾ, അയൽവാസികൾ, സ്നേഹിതർ, അദ്ധ്യാപകർ, സാമൂഹിക രാഷ്ട്രീയ പ്രവർത്തകർ ഇവരെല്ലാം തന്നെ ചിലപ്പോൾ സ്ത്രീകളുടെ സുരക്ഷിതത്വം തകർക്കുന്നതായി കാണാം. 2001 മുതൽ 2010വരെ സ്ത്രീ പീഡന അതിജീവന ദശകമായി യു. എൻ. പ്രഖ്യാപിച്ചിരുന്നു. നിരവധി പഠനങ്ങളും സെമിനാറുകളും ദേശീയവും അന്തർദേശീയവുമായി നടന്നു. എന്നാൽ സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ഈ ദശകം സഹായിച്ചുവോ എന്ന് സംശയമാണ്.

കഴിഞ്ഞ പത്തു വർഷത്തെ കണക്കുകളിൽ സ്ത്രീകൾക്കു നേരെയുള്ള അതിക്രമം നാല് ഇരട്ടിയായി വർദ്ധിച്ചുവെന്ന് വനിതാകമ്മീഷൻ റിപ്പോർട്ട് ചെയ്യുന്നു. നമ്മുടെ സ്ത്രീകൾ സാക്ഷരതയിൽ മുൻപന്തിയിലാണ്. ഉന്നതവിദ്യാഭ്യാസം നേടി. ഉന്നത ജോലി കരസ്ഥമാക്കി. എല്ലാ മേഖലകളിലും സ്ത്രീ സാന്നിദ്ധ്യം എത്തപ്പെട്ടു. എങ്കിലും സുരക്ഷിതരായി പൊതു സമൂഹത്തിൽ ജീവിക്കുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല. വാർദ്ധ്യക്യത്തിൽപേലും സുരക്ഷിതത്വം അനുഭവിക്കുവാൻ കഴിയുന്നില്ല. പിഞ്ചുകുഞ്ഞുങ്ങൾ വരെ പീഡനം അനുഭവിക്കുന്നു. ഇപ്പോൾ അമ്മയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ പെൺകുഞ്ഞു കൊലചെയ്യപ്പെടുന്നു. അതിനാൽ സ്ത്രീ ശരീരത്തിൽ മാത്രമല്ല മനസ്സിലും ചൂഷണവും പീഡനവും അനുഭവിക്കുന്നു. ലൈംഗീക അരാചകത്വവും, കൊലപാതകവും, പീഡനവും തുടർക്കഥയായി മാറുന്നു. ഇങ്ങനെ കപട സദാചാരം വർദ്ധിച്ചികൊണ്ടിരിക്കുന്നു.

ഏതൊക്കെ മേഖലകളിലാണ് സ്ത്രീകളുടെ സുരക്ഷിതത്വം നഷ്ടപ്പെടുന്നത്? ശാരീരികവും, മാനസികവും, സാമ്പത്തികവും, മതപരവും സാമൂഹികമായി സ്ത്രീകൾ സുരക്ഷിതരാണോ? സ്ത്രീ സുരക്ഷിതത്വമില്ലായ്മ ഒരു ആഗോള പ്രശ്നമായി മാറി. ഇത് നമ്മുടെ കേരളത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ശാരീരിക സുരക്ഷിതത്വം

സ്ത്രീ ശരീരത്തിനുമേലുള്ള അതിക്രമങ്ങൾ അനവധിയാണ്. മാധ്യമങ്ങളും, ഇന്റർനെറ്റ് നവ സാങ്കേതികതകളും സ്ത്രീ ശരീരത്തെ വികൃതമാക്കുകയാണ്. സ്ത്രീയുടെ ശാരീരിക പീഡനം ഗർഭപാത്രത്തിൽ ആരംഭിക്കുന്നു. പെൺഭ്രൂണം ഗർഭപാത്രത്തിൽ വച്ച് നശിപ്പിക്കപ്പെടുന്ന പ്രവണത കൂടിവരുന്നു. സ്വന്തം ഭവനങ്ങളിലും സ്ത്രീകൾ ശാരീരികമായി പീഡിപ്പിക്കപ്പെടുന്നു. ലൈംഗീക പീഡനത്തിന്റെ കണക്കുകൾ ഞെട്ടിപ്പിക്കുന്നവയാണ്. മോർച്ചറിയിൽ സൂക്ഷിക്കുന്ന സ്ത്രീ ശരീരങ്ങൾ വരെ ലൈംഗീക ക്രൂരതയ്ക്ക് വിധേയമാകുന്നു. പെൺവാണിഭങ്ങൾ കൂടിവരുന്നു. ഇവയെല്ലാം സ്ത്രീകളെ ശാരീരികമായും മാനസികമായും തകർക്കുന്നവയാണ്.

സാമ്പത്തിക സുരക്ഷിതത്വം

സാമ്പത്തികമായി സ്ത്രീകൾ സുരക്ഷിതരാണോ? നല്ല ജോലി ഉണ്ടെങ്കിലും പണം വിനിയോഗിക്കുന്നതിനുള്ള പൂർണ്ണ അവകാശം ലഭ്യമാണോ? സ്ത്രീധനത്തിന്റെ പേരിൽ പീഡനമില്ലേ? അവകാശപ്പെട്ട പിതൃസ്വത്തുപോലും ലഭിക്കാത്ത എത്രയെത്ര പെൺകുട്ടികൾ? സാമ്പത്തിക സുരക്ഷിതത്വം നൽകാൻ വേണ്ടി ജോലിക്കുപോകുന്ന സ്ത്രീകൾ, അവളുടെ ശമ്പളം കണക്കുപറഞ്ഞ് വാങ്ങുന്ന കുടുംബാംഗങ്ങൾ ഇല്ലേ? സ്ത്രീകൾ അവിടെയും സുരക്ഷിതരല്ല. തുല്യജോലിക്ക് രണ്ടു തരം ശമ്പളം, സ്വന്തം സമ്പാദ്യം എങ്ങനെ വിനിയോഗിക്കണമെന്ന് തീരുമാനിക്കാൻ പോലും അവൾക്ക് അവകാശമില്ല. ഉയർന്ന വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികൾക്ക് സ്വന്തം കാലിൽ നിൽക്കുവാനുള്ള ശക്തിപോലും നഷ്ടപ്പെട്ടുപോകുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

മാനസിക സുരക്ഷിതത്വം

ശാരീരിക പീഡനം, സാമ്പത്തിക പീഡനം ഇവയെല്ലാം തന്നെ സ്ത്രീയുടെ സുരക്ഷിതത്വം തകർക്കുന്നു. ഏതു പീഡനവും മനസ്സിനെ മുറിവേൽപ്പിക്കുന്നതാണ്. അഭിപ്രായ സ്വാതന്ത്ര്യം നിഷേധിക്കുക, വൈകാരികമായി മുറിവേൽപ്പിക്കുക, വേദനിപ്പിക്കുന്ന വാക്കുകൾ പറയുക ഇവയെല്ലാം സ്ത്രീയുടെ മാനസിക സുരക്ഷിതത്വം നഷ്ടപ്പെടുത്തുന്നവയാണ്. ദൃശ്യമാധ്യമങ്ങളിൽ അവതരിപ്പിക്കുന്ന സ്ത്രീ പീഡനത്തിന്റെ വർണ്ണകാഴ്ചകൾ സ്ത്രീകളെ മാനസികമായി തകർക്കുന്നവയാണ്. സ്ത്രീ പീഡനത്തിന്റെ മറ്റൊരു മുഖമാണിത്.

സാമൂഹിക സുരക്ഷിതത്വം

സ്ത്രീക്കും പുരുഷനും തുല്യ അവകാശം ഭരണഘടന ഉറപ്പുനൽകുന്നു. എന്നാൽ എല്ലായിടങ്ങളിലും സ്ത്രീകൾ വിവേചനം അനുഭവിക്കുന്നു. ആൺ പെൺ വ്യത്യാസം വർദ്ധിക്കുന്നു. കുടുംബാംഗങ്ങളിൽ തന്നെ ഇത് ആരംഭിക്കുന്നു. സാമൂഹിക ചുറ്റുപാടിൽ അത് ശക്തിപ്പെടുകയാണ്. സ്ത്രീകൾക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പാ

ക്കാൻ കഴിയുന്നുണ്ടോ?

സാംസ്കാരിക സുരക്ഷിതത്വം

സമൂഹത്തെ ശക്തമായി സ്വാധീനിക്കുന്ന ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവ സ്ത്രീകളെ ഉപഭോഗവസ്തുവായി ചിത്രീകരിക്കുന്നു. സ്ത്രീയുടെ അന്തസ്സ് നിഷേധിക്കുന്ന ദൃശ്യങ്ങളും വിവരണങ്ങളും പ്രതീകങ്ങളുമാണ് ദൃശ്യവൽക്കരിക്കപ്പെടുന്നത്. ലാഭം മുൻനിർത്തിയുള്ള കച്ചവട തന്ത്രങ്ങളാണ് ഇവയിലെല്ലാം പ്രകടമാകുന്നത്.വിദ്യാഭ്യാസ മേഖലകളിലും ആതുരാലയങ്ങളിലും സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു. സ്ത്രീസത്വത്തെ നിഷേധിക്കുന്ന സാംസ്കാരിക മൂല്യങ്ങളുടെ തകർച്ചയാണ് മാധ്യമങ്ങളിൽ ദൃശ്യവൽക്കരിക്കപ്പെടുന്നത്.

രാഷ്ട്രീയ സുരക്ഷിതത്വം

സ്ത്രീ പുരുഷ സമത്വത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഇല്ല. പാർലമെന്റിൽ 33% സംവരണം നൽകുന്ന വനിതാ ബില്ല് ഇതുവരെയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അധികാര കേന്ദ്രങ്ങളിൽ സ്ത്രീകളുടെ എണ്ണം വളരെ ക്കുറവാണ്. മാധ്യമങ്ങളിലും രാഷ്ട്രീയത്തിലും നിർണായകമായ തീരുമാന സമിതികളിലും സ്ത്രീസാന്നിദ്ധ്യം കുറവാണ്. സ്ത്രീകൾക്ക് രാഷ്ട്രീയ സുരക്ഷിതത്വം ഉറപ്പാക്കുവാനും കഴിയുന്നില്ല. പുരുഷ കണ്ണുകളാണ് രാഷ്ട്രീയത്തിലുള്ളത്.

നിയമ സുരക്ഷ

നിയമം വഴി സ്ത്രീകൾക്ക് നീതി ലഭിക്കുന്നുണ്ടോ? സ്ത്രീ പീഡനങ്ങളിൽ എത്ര കേസുകളിലാണ് ശരിയായ ശിക്ഷ നടപ്പാക്കിയിട്ടുള്ളത്. സ്ത്രീകൾക്ക് ധാരാളം അവകാശങ്ങൾ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. സ്ത്രീ സംരക്ഷണത്തിനുവേണ്ടി ധാരാളം നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. എന്നാൽ ഇവയിലൊന്നും സ്ത്രീകൾക്ക് സുരക്ഷിതത്വം പകർന്നുനൽകാൻ കഴിയാതെ വരുന്നു. നിയമങ്ങൾ കൃത്യമായി നടപ്പാക്കുന്നതിൽ സർക്കാരം പോലീസും കോടതിയും പുലർത്തുന്ന സമീപനമാണ് അടിസ്ഥാന പ്രശ്നം.

ഇന്ത്യൻ ശിക്ഷാനിയമത്തിൽ വ്യക്തമായും കൃത്യമായും പ്രതികളെ ശിക്ഷിക്കുന്നതിനുള്ള നിയമം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തെളിവു നിയമത്തിന്റെ പഴുതിലൂടെ കുറ്റവാളികൾ രക്ഷപെടുന്നു. കൂടാതെ വളരെ ചുരുക്കം കേസ്സുകൾ മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളു. ഇങ്ങനെ നോക്കിയാൽ എവിടെ നിന്നാണ് സ്ത്രീയ്ക്ക് നീതി ലഭിക്കുക? ആരാണ് അവരെ രക്ഷിക്കുക? പോലീസോ, കോടതിയോ, ഭരണകൂടമോ, സമൂഹമോ, സ്വന്തം പെറ്റമ്മ പോലും കുഞ്ഞുങ്ങളെ ചൂഷണം ചെയ്യുന്ന കാലമായി ഇത് മാറി.

അന്തസ്സായി ജീവിക്കുവാനുള്ള മാനുഷിക അവകാശം നിഷേധിക്കുവാൻ ആർക്കും അവകാശമില്ല. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഉത്തരവാദിത്വം ഗവൺമെന്റിന് ഉണ്ട്. അതിനാൽ എല്ലാതലങ്ങളിലും സ്ത്രീകൾ സംരക്ഷിക്കപ്പെടണം. ചുട്ടുകൊല്ലുവാനും, കെട്ടിത്തൂക്കുവാനും, പിഡിപ്പിക്കുവാനും അടിച്ചുകൊല്ലാനുമുള്ളതല്ല സ്ത്രീ. ഓരോ ജീവനും വിലപ്പെട്ടതാണ്. അതിനാൽ സ്ത്രീ സുരക്ഷ വളരെ ഗൗരവപൂർവ്വം കാണണം.

സ്ത്രീകളുടെ സുരക്ഷയെക്കുറിച്ച് സഭകൾ ഗൗരവമായ ബോധനം നിർവ്വഹിക്കണം. വനിതാ സമിതികളിൽ സ്ത്രീസുരക്ഷ, സ്ത്രീപങ്കാളിത്വം, സ്ത്രീകളുടെ അവകാശം സ്ത്രീ പുരുഷ സമത്വം തുടങ്ങിയ വിഷയങ്ങളിൽ വ്യാപകമായ പ്രബോധനങ്ങൾ ഉണ്ടാകണം. ഇതിന് സ്ത്രീകൾ തന്നെ രംഗത്തു വന്നെങ്കിൽ മാത്രമേ മാറ്റങ്ങൾക്ക് സാധ്യതയുള്ളൂ. സ്ത്രീകളും പുരുഷന്മാരും ഒന്നിച്ച് പ്രവർത്തിക്കുന് തൊഴിലിടങ്ങളും സാമൂഹിക തലങ്ങളും, രാഷ്ട്രീയ മണ്ഡലങ്ങളും സഭാതലങ്ങളും വർദ്ധിച്ച ഇക്കാലത്ത് സ്ത്രീ സുരക്ഷിതത്വം എല്ലാതലങ്ങളിലും ഉറപ്പാക്കുവാൻ കഴിയണം. അതിന് ആവശ്യമായ പ്രബോധനങ്ങൾ, ബോധവൽക്കരണം കുടുംബത്തിൽ നിന്നും ആരംഭിയ്ക്കണം.

(ലേഖക യുവജനപ്രസ്ഥാനം കേന്ദ്ര സെക്രട്ടറി)

ചെങ്ങന്നൂർ ഭദ്രാസന കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ

റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ ഭദ്രാസന സെക്രട്ടറി

റവ. ഫാ. വൈ. തോമസ് (പുത്തൻകാവ്)



റവ. ഫാ. ഫിലിപ്പ് ജേക്കബ് (വൈദീക മണ്ഡലം)



എം.എം. തമ്പി (പന്തളം)



ജോസ് പുതുവന (ചെങ്ങന്നൂർ)

റോയി ചാണ്ടപ്പിള്ള (ഉമയാറ്റുകര)

നിതിൻ എ. ചെറിയാൻ (ഇടവങ്കാട്)

"അനവരത സ്തുതി തല്പരരാം
അംബര ദൂതന്മാരൊപ്പം
നാഥാ ദേവാ നല്കുക യോഗ്യത
നിൻ സ്തുതി പാടാൻ......"

നിലയ്ക്കാത്ത സ്തുതി

ഫാദർ സഖറിയാ പനയ്ക്കാമറ്റം

ഇടവിടാതെ നിന്നെ സ്തുതിക്കുന്നതിൽ താല്പര്യമുള്ള സ്വർഗ്ഗീയ മാലാഖമാരോടൊപ്പം നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങൾക്ക് യോഗ്യത നല്കണമെ. ദൈവീക സംസർഗ്ഗത്തിൽ നിരന്തരമായി നടക്കുന്ന ആരാധനയിൽ പങ്കുകാരാകുന്നു എന്ന അവബോധം ആരാധനയുടെ ധന്യനിമിഷങ്ങളിൽ ഉണ്ടാകുവാൻ പര്യാപ്തമായ ഒരു ഗാനമാണ് ബുധനാഴ്ച പ്രഭാത നമസ്കാരത്തിൽ ചേർത്തിരിക്കുന്നത്.

മനുഷ്യനെ അന്വേഷിക്കുന്ന ദൈവം

മനുഷ്യനെ മറ്റ് ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത് ആരാധിക്കുവാനുള്ള ശക്തിയും, അതിന്റെ സാദ്ധ്യതയുമാകുന്നു. ഏകാന്തതയിലുള്ള ആരാധന സഹജീവികളും പ്രപഞ്ചവുമായി ബന്ധപ്പെട്ടുക്കൊണ്ടു തന്നെയാണ് പൂർണ്ണതയിലാകുന്നത്. ആരാധനയില്ലാതെ ഒരുവനും പക്വത പ്രാപിച്ച് മാനവനാകുവാൻ സാദ്ധ്യമല്ല. ആരാധനയുടെ പൂർണ്ണത കർമ്മമണ്ഡലങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. വിശുദ്ധ വചനം വരച്ചുകാട്ടുന്നത് മനുഷ്യനെ അന്വേഷിക്കുന്ന ദൈവത്തെയാണ്.

ഹൃദയം വ്യക്തിത്വത്തിന്റെ കേന്ദ്രം

പ്രകൃതിയുടെ സൗന്ദര്യത്തെക്കുറിച്ച് അതിന്റെ ആസ്വാദകരായിട്ടുള്ളവർ പ്രശംസിക്കുന്നു. എന്നാൽ അതിനേക്കാൾ വലിയ മഹത്വവും സൗന്ദര്യവും ദൈവം തന്റെ പ്രതിഛായയിലൂടെ മനുഷ്യന് നൽകി. ഒരുവന്റെ വ്യക്തിത്വത്തിലാണ് തന്റെ സൗന്ദര്യം നിലകൊള്ളുന്നത്. കൃത്രിമമായി അത് കൂട്ടുവാൻ ആർക്കും സാധിക്കുന്നില്ല. ശരീരം, മനസ്സ്, ആത്മാവ് എന്നിവയുടെ ശരിയായ വളർച്ചയാണ് യഥാർത്ഥ സൗന്ദര്യം. വി. വേദപുസ്തകത്തിൽ ഹൃദയം എന്നു പറയുന്നത് കേവലം വികാരങ്ങളുടെ ആസ്ഥാനമല്ല അതിലുപരി വ്യക്തിത്വത്തിന്റെ കേന്ദ്രമാണ്. കർമ്മസിദ്ധികൊണ്ട് ജീവിതം തന്നെ അനശ്വരമായി ത്തീരുന്നു. നിലാവുപോലെ സ്നേഹവും സൗമ്യതയും ഉള്ളതായ ഇടങ്ങൾ കൈത്താങ്ങലിനൊപ്പം കണ്ണു തുറപ്പിക്കുന്ന വാക്കുകളുടെ ഉറവിടവും ആയിത്തീരും. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ പ്രിൻസിപ്പൽ ആയിരുന്ന Dr. Harold Lasky, ജവഹർലാൽ നെഹ്റുവിന് കൊടുത്തയച്ച കത്തിൽ പിന്നീട് ഇന്ത്യൻ പ്രസിഡന്റ് പദം അലങ്കരിച്ച ശ്രീ. കെ.ആർ. നാരായണനെക്കുറിച്ച് ഇപ്രകാരം എഴുതി "എന്റെ ഏറ്റവും സമർത്ഥനായ ശിഷ്യനാണ് ശ്രീ. കെ.ആർ. നാരായണൻ. ഒരു കാലത്ത് നിങ്ങളുടെ രാജ്യത്തിന് ഈ വിദ്യാർത്ഥി പ്രയോജനമുള്ളവനായിത്തീരും."

സ്കൂളിൽ സമയം കഴിഞ്ഞ് മദ്യപിക്കുന്ന അദ്ധ്യാപകരെ ഇന്ന് പല

സ്കൂളികളിലും കാണാമെന്നുള്ളത് സ്വാർത്ഥത യുടെ കർമ്മഫലം തന്നെ. വേദപുസ്തകം കയ്യിൽ നിന്നും മാറ്റാതെ നിർമ്മല സുവിശേഷം മാത്രം കൈകാര്യം ചെയ്യുന്നു എന്നഭിമാനിക്കുന്ന ഒരു പ്രത്യേകസഭാവിഭാഗത്തിന്റെ ക്രിസ്തുമസിനോടനുബന്ധിച്ച് തിരുവല്ലായ്ക്കു സമീപം നടന്ന കൂട്ടായ്മയോഗത്തിൽ അവസാനം കൂട്ടത്തല്ലുണ്ടായി. പോലീസ് ഇടപെട്ട് ലാത്തിച്ചാർജ്ജ് നടത്തി പിരിച്ചുവിടേണ്ടതായി വന്ന സംഭവവും കാലഘട്ടത്തിന്റെ മറ്റൊരു കർമ്മഫലം അല്ലാതെ എന്താണ്?

സംരക്ഷണം നല്കേണ്ടതായ ഊർജ്ജം (Energy)

ഒരു ഇടിയും മിന്നലും ഉണ്ടാകുമ്പോൾ 22000 ഡിഗ്രി സെന്റീഗ്രേഡിൽ ചൂടും അതിനോട് ചേർന്ന് പ്രകാശവും ഉണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു. എന്നാൽ ഈ ഊർജ്ജം ഒരു കെട്ടിടത്തിലേക്ക് മാത്രം കേന്ദ്രീകൃതമായി വന്നാൽ അത് തകർന്ന് തരിപ്പണമാകും. കാരണം ഊർജ്ജമാണെങ്കിൽ തന്നെയും അത് മുഴുവനായി താങ്ങുവാനുള്ള കഴിവ് ഒരു കെട്ടിടത്തിനും ഉണ്ടായിരിക്കുകയില്ല. കാന്തശക്തികൊണ്ട് (മിന്നൽ രക്ഷാചാലകം - Lightening Arrestor) ഊർജ്ജം വലിച്ചെടുത്ത് ഭൂമിയിലേക്ക് പ്രവഹിക്കുവാൻ സംവിധാനം ഉണ്ടാകുമ്പോൾ കെട്ടിടത്തിന് അപായം സംഭവിക്കുന്നില്ല. സ്വാർത്ഥതയേറി വരുന്നത് എവിടെയും അപകടകരമാണ്. സ്വാർത്ഥത എപ്പോഴും പരിമിതികളാൽ വലയം ചെയ്തിരിക്കുന്നു. സ്നേഹം നല്ല നടപടികൾവഴി പ്രകടമാകുമ്പോൾ മനസ്സ് തെളിമയുള്ളതായിത്തീരുന്നു. അതോടൊപ്പം ദൈവസാന്നിദ്ധ്യം അനുഭവവേദ്യമാകുന്നു. ജീവിതം ആരാധനയായി പരിണമിക്കുന്നു. ഞാൻ എങ്ങനെ ദൈവത്തെ അറിയും എന്ന ചോദ്യം പോലെ തന്നെ പ്രസക്തമാണ്. ഞാൻ എങ്ങനെ ജീവിക്കുന്നുവെന്ന ചോദ്യവും.

അദൃശ്യ ലോകവുമായുള്ള ബന്ധം

കന്യകാവൃതത്തിൽ നിന്നെ പ്രസവിച്ച കന്യകമറിയാം, വരവിനെ മുൻകൂട്ടി പ്രവചിച്ച നന്മയുള്ള പ്രവാചകന്മാർ, പീഢകളും, യാതനകളും സഹിച്ച സഹദേന്മാർ, ശ്രേഷ്ഠപിതാക്കന്മാരായ മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ്, വിളക്കിൽ എണ്ണയുമെടുത്ത് ശ്രേഷ്ഠജ്വാല തെളിയിച്ചു തന്ന ബുദ്ധിയുള്ള കന്യകമാർ വിശ്വാസത്താൽ പറുദീസാ ലഭിക്കുമെന്ന് വാഗ്ദത്തം ലഭിച്ച കള്ളൻ ആദിയായവരോട് ചേർന്ന് നിന്നെ സ്തുതിക്കുവാൻ കർത്താവെ ഞങ്ങൾക്ക് യോഗ്യത നൽകണമെ എന്ന് സഭ പ്രാർത്ഥിക്കുന്നു.

വ്യക്തിപൂജയ്ക്കും സ്വന്ത മഹിമയ്ക്കും അവസരം വിനിയോഗിക്കുമ്പോൾ പലപ്പോഴും ആചാരാനുഷ്ഠാനങ്ങൾ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു പോകുന്നു. സഭാ പ്രസിദ്ധീകരണങ്ങൾ സഭാ വ്യത്യാസമില്ലാതെ വ്യക്തി പൂജയ്ക്കുള്ള ഉപാധികളായി പരിണമിച്ചുകൊണ്ടിരിക്കുന്നു. സിനിമകളിലെ നടീനടന്മാരുടെ ചിത്രങ്ങളേക്കാൾ ഇന്ന് ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഇടം ലഭിക്കുന്നത് രാഷ്ട്രീയ നേതാക്കന്മാരുടെയും, സഭാപിതാക്കന്മാരുടെയും ചിത്രങ്ങൾക്ക് തന്നെയാണ്.

ആരാധിക്കുന്ന പ്രപഞ്ചം

സമുദ്രതീരം സന്ദർശിക്കുന്ന കുബേരനേയും കുചേലനേയും അതിന്റെ തിരമാലകൾ സ്വാഗതം ചെയ്യുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അതിന്റെ കിരണങ്ങളുടെ ശോഭയാൽ പ്രപഞ്ചത്തെ മനോഹരമാക്കുന്നു. സജീവമായ പ്രയാണം ഉറവയെ അരുവിയാക്കി രൂപാന്തരപ്പെടുത്തുന്നു. ഇരുകരകളെയും ഫലമൂലാദികളാൽ പരിപോഷിപ്പിച്ചുകൊണ്ട് ലക്ഷ്യത്തിലേക്ക് അനുസ്യൂതം യാത്ര ചെയ്യുന്നു. തടസ്സമില്ലാത്ത പ്രവാഹത്താൽ പ്രപഞ്ചം നിലകൊള്ളുന്നു. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ഭൂമിയുൾപ്പെടെയുള്ള ഗ്രഹങ്ങൾ സൂര്യനുചുറ്റും കറങ്ങുന്ന 365 ദിവസംകൊണ്ട് ഭൂമി ഒരു തവണ വലം വെയ്ക്കുന്നു. നിരന്തരമായ പ്രയാണം ഇവയൊക്കെയും സജീവമാക്കുന്നു.

നിഷ്കളങ്കത ഭക്തി ജീവിതത്തിന്റെ മാനദണ്ഡം

ഭക്തിക്കാവശ്യമായിട്ടുള്ളത് കളങ്കമില്ലാത്ത ജീവിതമാണ്. ദുഃഖം അനുഭവിക്കുന്നവരുടെ സങ്കടങ്ങളിൽ പങ്കുചേർന്ന് ഭക്തിയുള്ള മനുഷ്യൻ ആശ്വാസമുള്ള സാന്നിദ്ധ്യമായിത്തീരുന്നു. “പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോടെ അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെവണ്ണം തന്നെ ത്താൻ കാത്തുകൊള്ളുന്നതുമാകുന്നു” (വി. യാക്കോബ് 1:27). ജീവകാരുണ്യ പ്രവർത്തനങ്ങൾ ആരാധനയുടെ തുടർച്ചയും പൂർണ്ണതയുമത്രെ.

വരിസംഖ്യ കൗണ്ടർ

ചെങ്ങന്നൂർ ഭദ്രാസന കൺവൻഷനോട് അനുബന്ധിച്ച് പത്രിക വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും പ്രത്യേക കൗണ്ടർ ക്രമീകരിക്കുന്നു. മാന്യവായനക്കാർ ഈ അവസരം പ്രയോജനപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ വരിസംഖ്യ കാലാവധി അവസാനിക്കുന്ന തീയതി റാപ്പറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് പരിശോധിച്ച് ദയവായി വരിസംഖ്യ പുതുക്കേണ്ടതാണ്.

കുറുക്കുവഴികളിൽ അന്യമാകുന്ന ദൈവം

ഫാ. പി.വി. ജോൺ

ഫറവോൻ ജനത്തെ വിട്ടയച്ചശേഷം ഫെലിസ്ത്യരുടെ ദേശത്തുകൂടിയുള്ള വഴി അടുത്തത് എന്നു വരികിലും ജനം യുദ്ധം കാണുമ്പോൾ പക്ഷെ അനുതപിച്ച് മടങ്ങിപ്പോകുമെന്ന് വെച്ച് ദൈവം അവരെ അതിലെ കൊണ്ടുപോയില്ല. (പുറ: 13:17)

മോശെ യഹോവയുടെ കല്പന അനുസരിച്ച് അഹറോനെയും കൂട്ടി ഫറവോന്റെ അടുക്കൽ ചെന്നു. 'മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന് എന്റെ ജനത്തെ വിട്ടയയ്ക്കണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു' എന്ന് ഫറവോനോടു പറഞ്ഞു. ഫറവോൻ യിസ്രായേലിനെ വിട്ടയയ്ക്കാതെ അവരെ കൂടുതൽ പീഡിപ്പിച്ചു. യിസ്രായേൽക്കാരുടെ കോപം മോശെയോടായി യഹോവ പറഞ്ഞപ്രകാരം വീണ്ടും മോശെയും അഹറോനും ഫറവോന്റെ അടുക്കൽ ചെന്ന് ആവശ്യം ആവർത്തിച്ചുപറഞ്ഞു. ഫറവോൻ കേൾക്കാത്തതിനാൽ അവർ ചില അത്ഭുതങ്ങൾ കാണിച്ചു. എന്നാൽ അതെല്ലാം അവിടെയുള്ള മന്ത്രവാദികളും ചെയ്തതിനാൽ ഫറവോൻ യിസ്രായേലിനെ വിട്ടില്ല. പിന്നീട് കാണിച്ച അത്ഭുതങ്ങൾ മന്ത്രവാദികൾക്ക് ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു. എന്നാൽ പത്താമത്തെ ബാധയായി കടിഞ്ഞൂൽ സംഹാരമുണ്ടായപ്പോൾ ഫറവോൻ യിസ്രായേൽ ജനത്തെ വിട്ടയച്ചു. കടിഞ്ഞൂൽ സംഹാരത്തിൽ മിസ്രയീമിലെ കടിഞ്ഞൂലുകളെല്ലാം സംഹരിക്കപ്പെട്ടു എന്നാൽ യിസ്രായേൽ മക്കളെ അത് ബാധിച്ചില്ല. കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടികളിൽ അടയാളപ്പെടുത്തിയിരുന്നതിനാൽ യിസ്രായേല്യരുടെ ഭവനങ്ങളിൽ നിന്ന് സംഹാരകൻ ഒഴിഞ്ഞുപോയി. കാൽവറി ക്രൂശിലെ പരമയാഗത്താൽ പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നുള്ള വിടുതലിന്റെ മുൻകുറിയായി പരിശുദ്ധ പിതാക്കന്മാർ ഇതിനെ കാണുന്നു. കാലാന്തരത്തിൽ യിസ്രായേൽ ജനം ആണ്ടുതോറും ഇത് പെസഹാ പെരുന്നാളായി ആചരിക്കുകയും ചെയ്തു.

വേദശാസ്ത്രപരമായി ഈ സംഭവത്തിനുള്ള പ്രാധാന്യം മാറ്റി നിർത്തി വ്യക്തിപരമായ ജീവിതത്തിൽ ഇതു നൽകുന്ന ആത്മീയ സന്ദേശത്തിലേക്ക് ശ്രദ്ധ തിരിക്കുവാനുമാണ് ഇവിടെ ശ്രമിക്കുന്നത്. 'ഞാൻ നിന്നോടുകൂടെ യിരിക്കും' എന്ന് ഉറപ്പു നൽകി ഫറവോന്റെ അടുക്കലേക്ക് മോശയെ പറഞ്ഞയച്ചിട്ട് യിസ്രായേലിന്റെ വിമോചനത്തിനായി ഇത്രയും തവണ നടത്തി മോശയെ ബുദ്ധിമുട്ടിക്കണമായിരുന്നോ? ആദ്യം സമീപിച്ചപ്പോൾ തന്നെ അത് സാധ്യമാക്കുവാൻ യഹോവയ്ക്കു കഴിയുമായിരുന്നില്ലേ? എന്ന ചോദ്യങ്ങൾ പ്രസക്തമായി തോന്നാം. മാനസ്സാന്തരത്തിൽ ദൈവം പല അവസരങ്ങൾ നൽകുന്നുവെന്ന സത്യം ഇത് വെളിവാക്കുന്നു. എന്നാൽ അതിലപ്പുറം ദൈവം ഒരുക്കിയ രക്ഷ സ്വായത്തമാക്കുക എന്നത് പ്രയാസരഹിതമായ ഒന്നല്ല എന്ന യാഥാർത്ഥ്യം ഈ സംഭവം നമ്മെ ഉത്ബോധിപ്പിക്കുന്നു. പലരും കരുതുന്നതുപോലെ 'ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് മാത്രം അത് കരഗതമാകുകയില്ല. ഒരായുസ്സുമുഴുവൻ അതിനായി ചെലവഴിക്കേണ്ടതാണ്. അവിടെ കുറുക്കുവഴികളില്ല.

യിസ്രായേൽ ജനത്തിന്റെ ചരിത്രത്തിൽ അത്യധികം പ്രാധാന്യമുള്ള സംഭവത്തിൽ മോശെയെന്ന വ്യക്തിക്കുള്ള സ്ഥാനം വളരെ വലുതാണ്. യിസ്രായേൽ ജനത്തെ വാഗ്ദത്ത നാടായ കനാനിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ മോശെ കാണിച്ച ആത്മധൈര്യവും വിശ്വാസവുമാണ് നമ്മുടെ ചിന്തയിലേക്ക് ആദ്യം കടന്നുവരുന്നത്. യഹോവയായ ദൈവം അബ്രഹാമിനോട് ഞാൻ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് നിന്റെ പിതൃഭവനത്തെയും ദേശത്തെയും ഉപേക്ഷിച്ച് പുറപ്പെട്ടുപോക എന്നു പറഞ്ഞപ്പോൾ യാതൊരു മടിയും കൂടാതെയും ചോദ്യങ്ങൾ ചോദിക്കാതെയും ഇറങ്ങിപ്പുറപ്പെട്ട അബ്രഹാമിൽ പ്രകടമായ വിശ്വാസവും ആത്മധൈര്യവും പ്രശംസനീയവും അനുകരണീയയോഗ്യവുമാണ്. പക്ഷെ, മോശെയ്ക്കുണ്ടായ വിളിയും അബ്രഹാമിനുണ്ടായ വിളിയും താരതമ്യം ചെയ്യുമ്പോഴാണ് മോശെയുടെ മഹത്വം കൂറേക്കൂടെ വ്യക്തമാകുന്നത്.

തുടരും...

ഏവൻഗേല്യോന്യധ്യാനം

മെൽത്തോ

ഫാ. ബിജു റ്റി. മാത്യു

ദനഹായ്ക്കുശേഷം രണ്ടാം ഞായറാഴ്ച (ജനുവരി 20) വി. യോഹന്നാൻ 1 : 43-51

യേശുവിന്റെ ശിഷ്യഗണത്തിലേക്ക് ഫിലിപ്പോസ് തെരഞ്ഞെടുക്കപ്പെടുന്നതും ഫിലിപ്പോസിൽകൂടി നഥാനിയേൽ യേശുവിലേക്ക് വരുന്ന സംഭാഷണങ്ങളും സാക്ഷ്യങ്ങളും ആണ് പ്രതിപാദ്യവിഷയം.

I ശിഷ്യന്റെ (ഫിലിപ്പോസിന്റെ) കടമകൾ സുവിശേഷീകരണത്തിലൂടെ സാദ്ധ്യമാവുന്നു.

യേശുവിന്റെ വിളി (എന്നെ അനുഗമിക്കുക) കേട്ടപ്പോൾ ഫിലിപ്പോസിലുണ്ടായ മാനസിക പരിവർത്തനം ചിന്താതീതമാണ്. യേശുവിലുള്ള വിശ്വാസം അതിന്റെ ആഴമായ തലത്തിൽ തിരിച്ചറിഞ്ഞ് മത്സ്യത്തെ വിട്ട് മനുഷ്യരെ നേടുവാൻ ഫിലിപ്പോസിന്റെ ജീവിതത്തെ എത്രയോ പ്രാവശ്യം രൂപപ്പെടുത്തുകയും വാർത്തെടുക്കുകയും ചെയ്തിട്ടുണ്ടാവാം. ജീവിതത്തിൽ ക്രിസ്താനുഭവത്തിന്റെ അറിയിപ്പുകളും അരുളപ്പാടുകളും അനുഗ്രഹങ്ങളും സുവിശേഷീകരണത്തിന്റെ സാദ്ധ്യതകളെ വർദ്ധിപ്പിക്കും എന്ന് ഫിലിപ്പോസ് 3 സാഹചര്യങ്ങളിലൂടെ കാണിച്ചു തരികയാണ്.

1. വി. യോഹന്നാൻ 1:45 - നഥാനിയേലിനോട്, ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു എന്ന് പറഞ്ഞ് ക്രിസ്തുവിങ്കലേക്ക് നഥാനിയേലിനെ നയിക്കുന്നു.
2. വി. യോഹന്നാൻ 12:20-23 ആൾക്കൂട്ടത്തിന്റെ ആരവത്തിനിടയിൽ ഫിലിപ്പോസ്, പെരുന്നാളിൽ സംബന്ധിക്കാൻ വന്ന ചില യവനന്മാർക്ക് യേശുവിങ്കലേക്കുള്ള വഴിയിലൂടെ പ്രയാസം ലഘൂകരിച്ചുകൊടുത്ത് സുവിശേഷീകരണത്തിന്റെ സാദ്ധ്യതയെ വർദ്ധിപ്പിക്കുന്നു.
3. വി. യോഹന്നാൻ 6:5.6 പരീക്ഷണങ്ങളെ അതിജീവിക്കുന്ന ഫിലിപ്പോസ് സുവിശേഷീകരണത്തിന് പുതിയഭാവം നൽകുന്നു.

II. നഥാനിയേലിനെക്കുറിച്ചുള്ള യേശുവിന്റെ വെളിപ്പെടുത്തലുകൾ

1. ഇതാ സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കാപട്യമില്ല.

സത്യാന്വേഷകനായ നഥാനിയേൽ ഫിലിപ്പോസിനോട് ചോദിക്കുന്ന ചോദ്യം ശ്രദ്ധേയമാണ്. നസ്രേത്തിൽ നിന്ന് എന്തെങ്കിലും നന്മ വരുമോ? 'നസ്രേത്ത്' എന്ന വാക്കിന്റെ അർത്ഥം Come down on & reject എന്നതാണ്. താഴ്ത്തിക്കെട്ടുകയും തള്ളപ്പെടുകയും ചെയ്യുന്ന അവസ്ഥ. നസ്രേത്തിൽ നിന്ന് അധികം ദൂരെയല്ലാത്ത 'കാനാ' എന്ന ഗ്രാമക്കാരനായിരുന്ന നഥാനിയേൽ 'ദൈവാനുഗ്രഹം കുറഞ്ഞ പ്രദേശം' എന്ന് നസ്രേത്തിനെ വിശേഷിപ്പിച്ചത് അറിഞ്ഞിട്ടുണ്ടാവാം. ചോദ്യത്തിന്റെയും ഫിലിപ്പോസിന്റെ ഉത്തരത്തിന്റെയും (വന്നു കാണുക. Come & See) പൊരുളും അർത്ഥവും വ്യാപ്തിയും മനസ്സിലാക്കി യേശുക്രിസ്തു നഥാനിയേലിനെ

സാക്ഷിക്കുന്നു. 'ഇതാ സാക്ഷാൽ യിസ്രായേല്യൻ ഇവനിൽ കാപട്യമില്ല; ദൈവസന്നിധിയിൽ ജീവിതത്തിന് ലഭിച്ച ഒരു സാക്ഷ്യവും അംഗീകാരവുമാണിത്. ഉല്പത്തി 27:35, സങ്കീർത്തനം 32:2, യെശയ്യാവ് 53 :9, കൃത്രിമത്വവും പൊയ്മുഖങ്ങളും മുഖമുദ്രയാക്കി മാറ്റി സത്യത്തിന്റെ മുമ്പിൽ ഭയവിഹ്വലനാകുന്ന മനുഷ്യനെ ഇന്നും കാണാം. അധാർമ്മികതയ്ക്കും അനീതിയ്ക്കും കൂട്ടുനിന്ന് വ്യക്തിത്വത്തെ ഹനിച്ച് ദൈവീകസാക്ഷ്യം നഷ്ടപ്പെടുത്തുന്നവർ സഭയിലും സമൂഹത്തിലും കാണാം.

2. നഥാനിയേലിന്റെ ന്യായപ്രമാണാനുഭവങ്ങളുടെ ആഴം വെളിപ്പെടുത്തുന്ന ക്രിസ്തു
വി. യോഹന്നാൻ 1:48, നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ നിന്നെ ഞാൻ കണ്ടു. അത്തിയുടെ കീഴിലിരുന്ന് ന്യായപ്രമാണം ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുവാൻ റാബിമാർ ശ്രദ്ധിച്ചിരുന്നു. വി. അഗസ്തിനോസ് "Confessions' ൽ ഇതിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമമാണ്. "പഴയനിയമം വായിച്ച് ധ്യാനിച്ചുകൊണ്ടിരുന്ന നഥാനിയേലിനെ വിളിച്ച് യേശുക്രിസ്തു പുതിയ നിയമ കാഴ്ചപ്പാടുകളും പ്രമാണങ്ങളും നൽകുന്നു". യേശുതമ്പുരാൻ ഓരോ മനുഷ്യ ജീവിതത്തിന്റെയും അവസ്ഥകളോടും സാഹചര്യങ്ങളോടും സമരസപ്പെടുന്നതിന്റെ തെളിവാണിത്.
ദൈവ കണം ഇന്ന് പരക്കെ അറിയപ്പെടുന്ന ഒരു വിഷയമാണ്. ഭൂമിയുൾക്കൊള്ളുന്ന ഈ പ്രപഞ്ചവും അതിലെ ചരാചരാങ്ങളും കോടാനുകോടി വർഷങ്ങൾക്കുമുമ്പ് ഒരു കണികയിൽ നിന്ന് ഉത്ഭൂതമായതാണെന്ന സിദ്ധാന്തത്തിന് ബലം പകരുന്നതാണ് ദൈവത്തിന്റെ കണ്ടെത്തൽ. മനുഷ്യൻ 'ദൈവകണം' അന്വേഷിച്ചുകൊണ്ട് നടന്നു തളരുമ്പോൾ, ദൈവം മനുഷ്യനെയും അവന്റെ മാംസരക്തങ്ങളോടുള്ള ആലോചന നിമിത്തമുള്ള ഹൃദയവിചാരങ്ങളും അന്വേഷിക്കുകയാണ്. സങ്കീർത്തനം 139 : 2,17,18.

3. നഥാനിയേലിന് യേശുവെളിപ്പെടുത്തുന്ന സ്വർഗ്ഗീയ ദർശനം
വി. യോഹന്നാൻ 1:50 നീ ഇതിനെക്കാൾ വലിയതു കാണും. 51-ാം വാക്യം സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും. ബേഥേലിൽ യാക്കോബിനുണ്ടായ ദർശനം (ഉല്പത്തി 28:12) ഇതിന് സമാനമാണ്. ജീവിതത്തിൽ വിശുദ്ധിയും വിശ്വാസവും വിശ്വസ്തതയും വച്ചു പുലർത്തി വചനാനുഭവത്തിലൂടെ സ്വീകരിക്കേണ്ട ദൈവദർശനം നഷ്ടപ്പെടുത്തിയുള്ള ആധുനിക തലമുറയുടെ പ്രയാണം എങ്ങോട്ടാണ്?

കൊഹനെ ഞായറാഴ്ച (ജനുവരി 27)
വി. മത്തായി 24:42-51

ഓരോ കാലത്തിനും യോജിച്ച ഉപദേശങ്ങളും പ്രാർത്ഥനകളും നൽകി മക്കളെ സൽപഥത്തിൽ വ്യാപരിപ്പിക്കുവാൻ സഭാമാതാവ് എപ്പോഴും അതീവ ശ്രദ്ധാലുവാണ്. ഇന്ന് സകല ആചാര്യന്മാരുടെയും ഓർമ്മ ദിവസമാണ്. ആരാധനാനുഭവത്തിലൂടെ വേദപുസ്തകവാക്യങ്ങളെ കാലോചിതമായി വ്യാഖ്യാനിച്ച് പാരമ്പര്യവും പൈതൃകാവകാശങ്ങളും കാത്തുസൂക്ഷിച്ച് ജീവിതത്തിന് അർത്ഥം കണ്ടെത്തിയ പുണ്യപിതാക്കന്മാരുടെയും ആചാര്യഗണങ്ങളുടെയും ഓർമ്മയും ജീവിതവും വിശ്വാസവും അനുകരണീയവും തലമുറകൾക്ക് അനുഗ്രഹകരവും വരദായകവുമാണ്. തത്വങ്ങളെക്കാളും വാക്ധോരണിയേക്കാളും ജീവിതത്തിൽ വിശുദ്ധിയ്ക്കും പ്രാർത്ഥയ്ക്കും മുൻസ്ഥാനം നൽകിയവരാണ് അവർ.

യേശുവിന്റെ പുനരാഗമനത്തിന്റെ വെളിപ്പെടുത്തലുകളും സൂചനകളും അതിനായി ഉണർന്നിരിപ്പാനുള്ള ആഹ്വാനവുമാണ് വേദഭാഗത്തിന്റെ ഉള്ളടക്കം. കർത്താവിന്റെ ദ്വിതീയാഗമനത്തോടും ന്യായവിധിയോടും ബന്ധപ്പെട്ട് 3 ഉപമകൾ വി. മത്തായി 24, 25 അദ്ധ്യായങ്ങളിൽ കാണാം. വിളിയും തെരഞ്ഞെടുക്കലും ഉറപ്പാക്കി ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുന്നവരുടെ 3 ഉത്തരവാദിത്വങ്ങളും ഈ ഭാഗത്ത് കാണാം. അവയിലെ പരാജയങ്ങളും.

1. വിശ്വസ്തരും അവിശ്വസ്തരുമായ ശുശ്രൂഷക്കാർ – Obedient & Disobedient Servants

വി. മത്തായി 24:25 യജമാനൻ തന്റെ വീട്ടുകാർക്ക് തക്കസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെമേൽ ആക്കിവെച്ച വിശ്വസ്തനായ ദാസൻ. 2-ാമത്തെ വരവിന്റെ ഒരു സൂചന. കർത്താവിന്റെ പുനരാഗമനം ആകസ്മികമാണ്. ആ നാളും നാഴികയും സംബന്ധിച്ച് പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. വി. മത്തായി 24:36, ആയതിനാൽ എപ്പോഴും കർമ്മനിരതനായിരിക്കണം. ജാഗരൂകരായിക്കണം. ലോകം മാറ്റത്തിന്റെ പാതയിലും വികസനത്തിന്റെ പന്ഥാവിലുമാണ്. ഇവിടെ ദൈവീക ശുശ്രൂഷയുടെ ലക്ഷ്യം Popular ആകുക എന്നതല്ല ദൈവത്തിന്റെ പരോന്മുഖഭാവം വിശ്വസ്തതയിലും വിശുദ്ധിയിലും സ്വായത്തമാക്കുവാൻ കഴിയണം. മരണപര്യന്തം വിശ്വസ്തരായിരിക്കുക എന്നാൽ ജീവകിരീടം ലഭിക്കും. (വെളിപാട് 2:10)

Wise & Foolish Witnesses
വി. മത്തായി 24:45, 47, 48
To Stay awake & alert

1 പത്രോസ് 5:8 ഉണർന്നിരിപ്പിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു.

ബുദ്ധിമാനായ കാര്യവിചാരകൻ ഉണർവോടും ജാഗ്രരൂകനായും കർത്താവിന്റെ വേലയിൽ വ്യാപൃതനായിരിക്കണം. ഭവനം സംരക്ഷിക്കുന്ന ഗൃഹനായകനെപ്പോലെ മനുഷ്യപുത്രന്റെ പുനരാഗമനത്തിനുവേണ്ടി വിവേകപൂർവ്വമായ പ്രവർത്തനങ്ങളും നടത്തണമെന്ന ബോദ്ധ്യങ്ങളും ഇവിടെ ശ്രദ്ധിക്കപ്പെടുന്നു. ജീവിതത്തിൽ ക്രിസ്ത്യാനുഭവങ്ങളുടെ ഏറ്റക്കുറച്ചിലുകളും കർത്താവിന്റെ രണ്ടാം വരവിനുവേണ്ടിയുള്ള ശുഭ പ്രതീക്ഷയില്ലായ്മയും ജീവിതത്തിൽ ഭൗതികതയുടെ അതിപ്രസരത്തിനും കീഴ്പ്പെടുത്തലിനും സാഹചര്യമൊരുക്കും.

Profitable & Unprofitable Servants

വി.മത്തായി 24:47 അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കിവയ്ക്കും എന്നു ഞാൻ സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു. താലന്തുകളുടെ ഉപമയിൽ വി. മത്തായി 25:15-30 5 താലന്തും 2 താലന്തും ലഭിച്ചവനും യജമാനന്റെ സന്നിധിയിൽ വിശ്വസ്തതയോടും ബുദ്ധിയോടും കൂടി പ്രവർത്തിച്ചു ഇതിനാൽ ഔന്നത്യത്തിന്റെ പുതിയ സാധ്യതകൾ അവന് മുമ്പിൽ കടന്നു വരികയാണ്. എന്നാൽ 1 താലന്തു ലഭിച്ചവൻ യജമാനന് കൊടുത്തതിന് ഒരു പ്രാധാന്യവും നൽകാതെ നിസ്സംശം എന്നു കരുതി കുഴിച്ചിട്ടു. എന്നാൽ യജമാനൻ അവനെ കാര്യവിചാരകത്വം ഏല്പിച്ചിട്ടിരുന്നു. (as a steward by the Lord).

ദൈവം കൊടുക്കുന്ന കൃപകളും ദാനങ്ങളും 'നിസ്സാരം' എന്നു കണ്ട്, അർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കപ്പെടുവാൻ, അത്യാഗ്രഹം, മൂല്യച്യുതി ലൗകികത്വം എന്നിങ്ങനെയുള്ള മാരകങ്ങളായ അധഃപതനത്തിൽ വീണ് ജീവിതത്തെ ഹനിക്കുന്നവർ ധാരാളം. നല്ല ഒരു ഇടയന്റെ പ്രവർത്തന ശൈലി ഒരു താലന്തു ലഭിച്ചവന്റെപോലെ ഉപരിപ്ലവവും ഗുപ്തവുമായിരിക്കാതെ ഉണർവോടെയും എരിവോടെയും ആട്ടിൻകൂട്ടം നഷ്ടപ്പെട്ടുപോകാതെ സമൂഹത്തിൽ പരിവർത്തനം ഉണ്ടാക്കി കർത്താവിന്റെ പ്രതിപുരുഷനായി നിലകൊള്ളുവാൻ കഴിയണം.

ആനീദെ ഞായറാഴ്ച (ഫെബ്രുവരി 3)
വി. ലൂക്കോസ് 12:32-48

സകല വാങ്ങിപ്പോയവരുടെയും ഓർമ്മ കഴിക്കുന്ന ദിനം. വിശ്വാസത്തിന്റെ മുദ്രയോടുകൂടെ സമാധാനത്തിൽ നിദ്രപ്രാപിച്ച് പ്രകാശത്തിന്റെയും പ്രത്യാശയുടെയും വിശ്രമസ്ഥാനത്തായിരിക്കുന്ന വാങ്ങിപ്പോയവരുടെ ഓർമ്മ ശ്രേഷ്ഠവും അനുഗ്രഹപ്രദവും വരദായകവുമാണ്.

2-ാം ശതകത്തിലെ തെർത്തല്യൻ എന്ന പിതാവ് വാങ്ങിപ്പോയവരെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. പതിവ്രതയായ ഒരു ഭാര്യ പരേതനായ ഭർത്താവിന്റെ ആത്മാവിന്വേണ്ടി പ്രത്യേകിച്ച് അയാളുടെ ചരമവാർഷികദിനത്തിൽ പ്രാർത്ഥിക്കേണ്ടതാണ്. അപ്രകാരം അവൾ പ്രാർത്ഥിക്കുന്നില്ലെങ്കിൽ നിശ്ചയമായും അവൾ സ്വഭർത്താവിനെ ഉപേക്ഷിച്ചവളായിരിക്കും.

ക്രൈസ്തവ ജീവിതത്തിൽ ജാഗ്രതയ്ക്കും വിശ്വസ്തതയ്ക്കുമുള്ള പ്രാധാന്യവും യേശുക്രിസ്തുവിന്റെ ദ്വിതീയാഗമനത്തിന്റെ ദൃഷ്ടാന്തങ്ങളും സൂചനകളും അതിലെ അനുഗ്രഹങ്ങളുമാണ് ഏവൻഗേലിയോൻ ഭാഗം

യേശുവിന്റെ പുനരാഗമനത്തിനുവേണ്ടി കാത്തിരിക്കുക (Waiting for Second coming of Christ)

വി. ലൂക്കോസ് 12:36 യജമാനൻ കല്യാണത്തിന് പോയി വന്ന് മുട്ടിയാൽ ഉടനെ വാതിൽ തുറന്നു കൊടുക്കേണ്ടതിന് അവൻ എപ്പോൾ മടങ്ങിവരും എന്നു കാത്തുനിൽക്കുന്ന ആളുകളോട് നിങ്ങൾ തുല്യരായിരിപ്പിൻ. യജമാനന്റെ വരവിന് വേണ്ടി ജാഗ്രതയോടെ കാത്തിരിക്കുന്ന ദാസന്റെ ഉപമയാണിത് (വി. ലൂക്കോസ് 12:36-38). യഹൂദരീതിയിൽ വിവാഹചടങ്ങ് ഒരാഴ്ച നീണ്ടുനില്ക്കും. കല്യാണവിരുന്ന് കഴിഞ്ഞ് എപ്പോഴാണ് യജമാനൻ വരുന്നതെന്ന് ദാസന് നിശ്ചയമില്ല. എപ്പോൾ വന്നാലും സ്വീകരിപ്പാൻ ശിഷ്യന്മാർ കാത്തുനിൽക്കണം. മാത്രമല്ല കാത്തിരിക്കുന്ന ദാസന് പ്രതിഫലവും ലഭിക്കും. 37-ാം വാക്യം അവൻ അരകെട്ടി ഭക്ഷണത്തിനിരുത്തുകയും വന്ന് അവർക്ക് ശുശ്രൂഷ ചെയ്യുകയും ചെയ്യും. ഇത് കാത്തിരിക്കുന്ന ദാസന് യജമാനനിൽ നിന്ന് ലഭിക്കുന്ന പ്രതിഫലമാണ്. അങ്ങനെയെങ്കിൽ വർത്തമാനകാല ജീവിതത്തിലെ ഉത്കണ്ഠകളും ആകുലതകളും വെടിഞ്ഞ് ഭാവിയിലെ പ്രത്യാശയും പ്രതീക്ഷയും വച്ചുപുലർത്തി. ക്രിസ്തുവിന്റെ പുനരാഗമനത്തിനായി കാത്തിരുന്ന് സ്വർഗ്ഗീയവും അനശ്വരവുമായ നിയോഗം പ്രാപിക്കേണ്ടത് അഭികാമ്യമാണ്.

ക്രിസ്തുവിനുവേണ്ടി ജാഗരൂകരായിരിക്കുക. ഉണർന്നിരിക്കുക (Keep Watching for Christ)

വി. ലൂക്കോസ് 12:40 നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് ഒരുങ്ങിയിരിപ്പിൻ. Watching means to be alert. 2 ഉപമകൾ വേദഭാഗ

ത്തോട് ബന്ധപ്പെട്ട് കാണാം. 'അര കെട്ടിയും' വിളക്കും കത്തിച്ചും എന്ന ഉപമ (വി.ലൂക്കോസ് 12:35) കള്ളന്റെ വരവിന്റെ ഉപമ (വി.ലൂക്കോസ് 12:39). a) 'അര കെട്ടിയിരിക്കുക' എന്ന പ്രയോഗം എപ്പോഴും ഉടനെ പ്രവർത്തിക്കാൻ തയ്യാറായിരിക്കുന്ന അവസ്ഥ. b) കള്ളന്റെ വരവിന്റെ എന്തെങ്കിലും സൂചന കിട്ടിയാൽ സ്വന്തം ഭവനം വളരെ ശ്രദ്ധയോടെ കാത്തുസൂക്ഷിക്കുന്ന ഒരു വീട്ടെയജമാനനെപ്പോലെയാണ് കർത്താവിന്റെ രണ്ടാമത്തെ വരവ്.

വലിയനോമ്പിലെ ഒന്നാം ഞായറാഴ്ച : (ഫെബ്രുവരി 10) വി. യോഹന്നാൻ 2:1-11

മനുഷ്യന്റെ മഹത്വവും നിലയും വിലയും മനസ്സിലാക്കുവാനും ദൈവത്തോടുള്ള കടമകൾ നിർവ്വഹിക്കാതെ കൃത്യാന്തര ബാഹുല്യത്താൽ വലയുന്നവന് നോമ്പു കാലഘട്ടം അനുവാര്യമാണ്. നോമ്പ് മനസ്സിനെ നിർജ്ജലീകരിക്കുയും ആത്മാവിന് ചൈതന്യമേകുകയും ശരീരത്തിന് ശുദ്ധി വരുത്തുകയും ചെയ്യും. അപ്പോൾ പ്രവർത്തനങ്ങളെയും ചിന്തകളെയും വാക്കുകളെയും സ്ഫുടമാക്കുവാനും സുതാര്യതയുള്ളതാക്കുവാനും കഴിയും. ആത്മപതനം ചെയ്യുവാൻ സഭ ഒരുക്കുന്ന ഏറ്റവും വലിയ ആത്മീയ സാധ്യതയാണ് വലിയനോമ്പ്. ആത്മീയശാക്തീകരണം പ്രാപിക്കാനുള്ള നാളുകൾ.

യേശുവിന്റെ പരസ്യശുശ്രൂഷയിലെ ആദ്യത്തെ അടയാളമായ പച്ചവെള്ളത്തെ വീഞ്ഞാക്കുന്ന സംഭവമാണ് വേദവായനാ വിഷയം.

അതിഥി ആതിഥേയനാവുന്നു. (Jesus, the guest turned to host)

ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള ദൈവീക സാന്നിദ്ധ്യവും കരുതലുകളും വിസ്മരിക്കപ്പെട്ടിട്ട് ആഘോഷത്തിന്റെ അനിവാര്യത മാത്രം ശ്രദ്ധിക്കപ്പെടുമ്പോൾ പരാജയപ്പെടുവാനുള്ള സാദ്ധ്യത വന്നു ചേരുകയാണ്. വി. യോഹന്നാൻ 2:2 യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. യഹൂദപാരമ്പര്യം അനുസരിച്ച് വിവാഹത്തിന് വീഞ്ഞു തീരുക എന്നുള്ളത് disgrace (ദൈവീകത കൃപയുടെ അഭാവം, ശിക്ഷ) ആയിട്ട് കരുതിയിരുന്നു. മാത്രമല്ല ഒരാഴ്ചയോളം നീണ്ടു നിൽക്കുന്ന വിവാഹ ചടങ്ങിൽ സാമൂഹികമായും സാമ്പത്തികമായും നഷ്ടം (Social and financial problem). ഗൃഹനായകന്റെ മാനുഷികവും ബൗദ്ധികവുമായ അറിവുകൾക്കും ക്രമീകരണങ്ങൾക്കും ജീവിതവും അതിൽ ഉൾപ്പെടുന്ന ആചരണങ്ങളും വിധേയപ്പെട്ടിരിക്കണമെങ്കിൽ യേശു അതിഥിയല്ല ആതിഥേയനായിരിക്കണം. അസ്വസ്ഥനായ ഗൃഹവിചാരകന്റെയും കുടുംബത്തിന്റെയും മുമ്പാകെ മനസ്സലിവുള്ള കർത്താവിന്റെ സമീപനം എത്രയോ അത്ഭുതാവഹമാണ്.

മാതാവിന്റെ മദ്ധ്യസ്ഥതയും കർമ്മനിരതരായ പരിചാരകന്മാരും

യേശുവിന്റെ അമ്മ അവരോട് അവർക്കു വീഞ്ഞില്ല, യേശുവിന്റെ അമ്മ പരിചാരകന്മാരോട് അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വിൻ വി. യോഹന്നാൻ 2:4,5. മൂന്ന് രീതിയിലുള്ള സ്വർഗ്ഗീയ വെളിപാടുകളുടെ രഹസ്യം പരി. ദൈവമാതാവ് തിരിച്ചറിയുകയാണ്. (1) പരസ്യശുശ്രൂഷയിലെ ആദ്യ അടയാളത്തിനുള്ള സാഹചര്യം കാരണം മാതാവ് നിമിത്തമാണ് യേശു കല്യാണ ഭവനത്തിലേക്ക് വരുന്നത്. (2) എന്റെ സമയം ഇതുവരെ ആയിട്ടില്ല, എന്ന യേശുവിന്റെ മൊഴി മരണത്തെയും ഉയർപ്പിനെയും സൂചിപ്പിക്കുന്നതാണ് എന്നുള്ള ദിവ്യാത്മ ദർശനം. (3) ദൈവപുത്രനും പരിചാരകന്മാർക്കും ഒരുപോലെ മദ്ധ്യസ്ഥത വഹിക്കുന്ന ദൈവാത്മാവ് പരിചാരകന്മാരുടെ അദ്ധ്വാനശ്രമം എടുത്തു പറയേണ്ടവയാണ്. വെള്ളം നിറെപ്പിൻ എന്നു കല്പിച്ചപ്പോൾ കൽപ്പാത്രങ്ങളിൽ വക്കോളവും വെള്ളം നിറച്ചു. ആധുനിക ആദ്ധ്യാത്മികത നേരിടുന്ന വലിയ പ്രതിസന്ധി ഉത്തരവാദിത്വപൂർണ്ണമായി. വിശ്വാസവും പ്രവർത്തിയും പരസ്പര പൂരകങ്ങളായി ജീവിതത്തിൽ ഏറ്റെടുക്കുവാനുള്ള വിമുഖതയല്ലേ.

ആവശ്യം വലതും വിഭവം മോശമായതുമായ സാഹചര്യം *(Resource is poor but need is high)*

കാനായിലെ കല്യാണ വിരുന്നിൽ വീഞ്ഞിന്റെ ആവശ്യം വളരെ വലുതും അതിനായിട്ടുള്ള ഉറവിടവും ക്രമീകരണങ്ങളും ചെറുതുമാണ്. ലഭിക്കേണ്ട അംഗീകാരവും ആദർശവും നഷ്ടപ്പെട്ടു പോകുമോ മറ്റുള്ളവരാൽ പരിഗണിക്കപ്പെടുമോ എന്ന മാനസിക സംഘർഷത്തിൽ വ്രണിതഹൃദയനായ വീട്ടുടമസ്ഥന്റെ നയനങ്ങൾ സജലങ്ങളായി. കർത്താവിന്റെ കല്പന: നിങ്ങൾ ഈ കൽപാത്രങ്ങളിൽ വെള്ളം നിറെപ്പിൻ: അനുഗ്രഹ ദാതാവിൽ നിന്ന് ലഭിച്ചതോ 150 gallous അല്ലെങ്കിൽ 800 bottle പുതിയ മേൽത്തരം വീഞ്ഞ് 10 കല്യാണത്തിന് വിളമ്പുവാനുള്ള ഉറവിടം. യേശുവെന്ന അനുഗ്രഹദാതാവിന്റെ സന്നിധാനത്തിങ്കൽ പ്രാർത്ഥനാനുഭവങ്ങളുമായി കടന്നുവന്ന് ജീവിതത്തിൽ സംഭവിച്ചത് സമർപ്പിച്ചപ്പോൾ, സ്നേഹത്തിന്റെ, കരുണയുടെ അനുഗ്രഹത്തിന്റെ നീർച്ചാലുകൾ കുടുംബത്തിലേക്ക് യേശു തമ്പുരാൻ വെട്ടിയൊരുക്കും.

ലേഖനം

പ്രലോഭനങ്ങൾ!!

തോമസ് കുര്യൻ

ലോകത്തെമ്പാടും മനുഷ്യരാശി നേരിടുന്ന ഒരു പ്രതിഭാസമാണ് പ്രലോഭനങ്ങൾ (Temptations) ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവരും ഈ പ്രതിഭാസത്തിനു അധീനരാണ്. മുതിർന്നവർ തുടങ്ങി ഇളമുറക്കാർ വരെ നേരിടുന്ന ഒരു പ്രശ്നമാണിത്. പ്രലോഭനങ്ങൾ നമുക്കു ചുറ്റും എപ്പോഴുമുണ്ട്. പ്രലോഭനങ്ങളെ അതിജീവിക്കുന്നവരാണ് മഹാത്മാക്കളായി തീർന്നിട്ടുള്ളവർ. ഇതിൽ വേറിട്ടു കാണുന്ന വ്യക്തിത്വമാണ് യേശുക്രിസ്തു.

2 തിമോത്തി 2:22 ൽ യൗവ്വനമോഹത്തെ വിട്ടോടി നീതീയും വിശ്വാസവും സ്നേഹവും, ശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനം ആചരിക്കുകയും ചെയ്യുക. പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടി വിളിച്ചപേക്ഷിക്കുന്ന ഏവർക്കും അവൻ സമീപസ്ഥനാണ്. പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമ്മുടെ കർത്താവിനെ വിളിച്ചപേക്ഷിക്കുക.

മനുഷ്യന്റെ ആശ അവനൊരിക്കലും തീരുകയില്ല. അതവനെ തൃപ്തനാക്കുകയുമില്ല. അത് ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് സ്ത്രീകളെയാണ്. അതുകൊണ്ടാണ് നിരോധിക്കപ്പെട്ട ഫലം തിന്നാൻ സാത്താൻ ഹവ്വയെ പ്രേരിപ്പിച്ചത്. പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ശ്രമിക്കുന്തോറും അതു മനസ്സിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലും ഇതിനെ അതിജീവിക്കേണ്ടത് ആവശ്യമാണ്.

അന്യായമായ മോഹത്തോടെ ഒരു യൗവ്വനക്കാരിയെ നോക്കുന്നത് വ്യഭിചാരതുല്യമാണ്. അതുകൊണ്ടാണ് ഇയ്യോബ് പറയുന്നത്. ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു. പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നത് എങ്ങനെ? ഇയ്യോബ് 31:1. നാമൊരു കാര്യത്തെപ്പറ്റി അധികമായി ചിന്തിക്കുവാൻ തുടങ്ങിയാൽ അതു നമ്മുടെ ബോധമണ്ഡലത്തെ ക്രമേണ സ്വാധീനിക്കുവാൻ തുടങ്ങും. ഈ സ്വാധീനം ശരീരത്തെ ആകമാനം സ്വാധീനിക്കുമ്പോൾ തെറ്റേത് ശരിയേത് എന്നു ചിന്തിക്കുവാൻ സാധിക്കാതെ വരും. അതു ക്രമേണ നാശത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവു പലപ്പോഴും വിജനതയിൽ പോയി പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഏകാന്തത മനസ്സിന് സ്വസ്ഥത പ്രദാനം ചെയ്യുന്ന ഒന്നാണ്. നമ്മുടെ പിതാക്കന്മാർ മരുഭൂമിയിലും വിജനപ്രദേശങ്ങളിലും താമസിച്ചുകൊണ്ടാണ് പ്രാർത്ഥനകളും നമസ്ക്കാരങ്ങളുമൊക്കെ ക്രമീകരിച്ചത്. മനുഷ്യൻ വികാര ജീവിയാണ്. അതുകൊണ്ട് അവൻ പ്രലോഭനങ്ങളിൽ അകപ്പെട്ടുപോകുവാൻ എളുപ്പമാണ്. ഇവയെ അതിജീവിക്കുവാൻ നമുക്കു കഴിയണം. ക്ലേശങ്ങളേയും പ്രയാസങ്ങളെയുംപറ്റി നമ്മുടെ ഉറ്റ സുഹൃത്തുക്കളോട് പങ്കുവെയ്ക്കുമ്പോൾ മനസ്സിന്റെ ഭാരം കുറയുന്നതായി തോന്നുന്നില്ലേ? ക്രിസ്തീയ വിശ്വാസത്തിൽ നമ്മുടെ ഭാരങ്ങളെയും പ്രയാസങ്ങളെയും ഇറക്കിവെയ്ക്കുവാൻ ഉള്ള ഒരത്താണിയാണ് വിശുദ്ധ കുമ്പസാരം. Revealing your feeling is the begining of healing ഏറ്റുപറച്ചിൽ അഥവാ കുമ്പസാരം അതാണു സൗഖ്യദായകത്തിന്റെ തുടക്കം. അന്ധകാരത്തിലുദിക്കുന്ന തെറ്റുകൾ സത്യവെളിച്ചത്തിൽ ചുരുങ്ങിപ്പോകുന്നു.

മനുഷ്യന്റെ ഉള്ളിലെ അഹംബോധത്തിനുള്ള മരുന്നായി കുമ്പസാരത്തെ കണക്കാക്കാം. ഒരു സ്വയംബോധം എല്ലാ മനുഷ്യരിലുമുണ്ട്. അത് വളർന്ന് അഹംബോധമായും ഒടുവിൽ അഹങ്കാരവുമായി മാറുന്നു. ഇതിനു മറുമരുന്നായിട്ടാണ് യഥാർത്ഥ 'അഹം' ആയ ദൈവം (I am who I am) ഭൂമിയിലേക്കിറങ്ങി മനുഷ്യന്റെ അഹംബോധത്തെ വെട്ടി (+) ക്രൂശുമരണം പ്രാപിച്ചു. മൂന്നാം നാൾ ഉയർത്ത് വിജയശ്രീലാളിതനായി. ഇന്നും ഈ സൗഖ്യദായകത്വത്തിന്റെ ആശ്വാസം തേടിക്കൊണ്ടാണ് ജനകോടികൾ ഉദ്ദിതനായ യേശുക്രിസ്തുവിന്റെ പാദാന്തികത്തിലേക്ക് ഓടി അടുക്കുന്നത്.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച കർത്തൃപ്രാർത്ഥന സൗഖ്യദായക പ്രാർത്ഥനയാണ്. 'പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ'. (Lead us not into temptation but deliver us from evil) എന്നാണല്ലോ കർത്തൃപ്രാർത്ഥനയിലൂടെ നാം അഭ്യർത്ഥിക്കുന്നത്. പരീക്ഷയിൽ ഉൾപ്പെടുത്താതെ ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണേ എന്നപേക്ഷിക്കുകയും ചെയ്യുന്നു. സത്യകുമ്പസാരത്തിലൂടെ ലഭിക്കുന്ന സൗഖ്യദായകത്വവും ഇതുതന്നെയാണ്.

'നാം തമ്മിൽ ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നായിരിക്കേണ്ടതിന്' എന്നുള്ളതാണ് മഹാപുരോഹിത പ്രാർത്ഥനയുടെ ലക്ഷ്യം. ദൈവസൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. ദൈവത്തെപ്പോലെ തന്നെ നാമും ആത്മീയരാണ്. ചിന്താശക്തിയും വിവേചനശക്തിയും മനുഷ്യനുണ്ട്. ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും നമ്മുടെ വീട്ടിൽ ഒരു കുഞ്ഞു ജനിക്കുമ്പോൾ അമ്മച്ചിമാർ പറയുന്നതു കേട്ടിട്ടില്ലേ 'അപ്പനെ പറിച്ചു വച്ചിരിക്കുകയാ' – എന്നൊക്കെ അതുപോലെയാണ് ദൈവം തന്റെ പ്രതിച്ഛായയിൽ നമ്മെ സൃഷ്ടിച്ചു എന്നു പറയുമ്പോൾ ഓർക്കേണ്ടത്.

ദൈവത്തിന്റെ പദ്ധതി ഈ ഭൂമിയിൽ മനുഷ്യർക്കു സ്വർഗ്ഗം പണിതുകൊടുക്കുവാനല്ല മറിച്ചു കഷ്ടതയും പ്രയാസങ്ങളും സഹിച്ചുകൊണ്ട് നമ്മെ രൂപാന്തരപ്പെടുത്തി എടുക്കുക എന്നുള്ളതാണ്. നമ്മെ രൂപാന്തരപ്പെടുത്തി സ്വർഗ്ഗത്തോളം ഉയർത്തുക എന്നുള്ളതാണ് ദൈവപദ്ധതി. ഇങ്ങനെ രൂപാന്തരപ്പെടുത്തുവാനാണ് പ്രബോധനങ്ങളും പ്രവാചകന്മാരും ഈ പ്രബോധനങ്ങളെ വേണ്ടതുപോലെ ചെവിക്കൊള്ളാത്തതും, പ്രവാചകന്മാരെ അവഗണിച്ചതുമാണ് ഇന്നത്തെ പ്രലോഭനങ്ങളുടെ ഉറവിടം. അതുകൊണ്ട് പ്രബോധനങ്ങളെയും പ്രവാചകന്മാരെയും അവഗണിക്കാതെ ബോധമണ്ഡലത്തിനു ഉണർവ്വേകുകയാണ് കാമ്യമായിട്ടുള്ളത്. ലാസറിനെ അബ്രഹാം പിതാവിന്റെ മടിയിൽ ദർശിച്ചവരോട് ദൈവം പറഞ്ഞ മറുപടി ഒന്നുകൂടി ഓർക്കുന്നത് നന്ന്". അവർക്കു മോശയും പ്രവാചകന്മാരും ഉണ്ടല്ലോ?"

ദമ്പതിമാരുടെ പരസ്പര സ്നേഹം

വർഗ്ഗീസ് ഫിലിപ്പ്

ദൈവം തന്റെ സ്നേഹം ആദത്തിലേക്കാണ് ഒഴുക്കിയത്. അങ്ങനെ ആദത്തിലൂടെ അത് ഹവ്വായിലേക്ക് ഒഴുക്കുവാൻ ദൈവം ആഗ്രഹിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല . അവന് ചേർന്ന ഇണയെ ഞാൻ നൽകും എന്നു പറഞ്ഞുകൊണ്ട് സ്നേഹം പങ്കുവയ്ക്കുവാൻ ദൈവം പുരുഷന് ഭാര്യയെ കൊടുത്തു. അങ്ങനെ ദൈവം സ്ഥാപിച്ച വിശുദ്ധമായ ബന്ധമാണ് ഭാര്യാഭർത്തൃ ബന്ധം.

വിവാഹം സ്വർഗ്ഗത്തിൽ തീരുമാനിക്കുന്നു ഭൂമിയിൽ നടക്കുന്നു എന്നൊരു ചൊല്ലുണ്ട്. എന്താണിതിന്റെ അർത്ഥം? ദൈവമാണ് നിശ്ചയിക്കുന്നത് ഒരു പുരുഷന് ആര് വേണം, ഒരു സ്ത്രീക്ക് ആരു വേണം എന്ന്. ദൈവം ആദിയിൽ തന്നെ മനുഷ്യനെ സൃഷ്ടിച്ചത് പുരുഷനും സ്ത്രീയുമായിട്ടാണ്. ഓരോ മനുഷ്യനെയും ദൈവം സൃഷ്ടിക്കുമ്പോൾ അവനുവേണ്ടി ഒരു സ്ത്രീയെ ദൈവം കണ്ടുവച്ചിട്ടുണ്ട്. അവൾക്കുവേണ്ടി ഒരു പുരുഷനെയും സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് ദൈവത്തിന്റെ സ്നേഹം ഈ രീതിയിൽ അവിടുന്ന് പ്രകടിപ്പിച്ചു. വിവാഹ ബന്ധങ്ങളെല്ലാം ദൈവപദ്ധതിയുടെ ഭാഗമാണ്. സമയമാകുമ്പോൾ അത് നിറവേറുന്നു എന്നു മാത്രം. അങ്ങനെയെങ്കിൽ ദൈവം സ്ഥാപിച്ച ഈ ബന്ധം മനുഷ്യന് വേർപെടുത്താമോ? പാടില്ല യേശു പറയുന്നു; ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ അതുകൊണ്ട് വിവാഹബന്ധം ശാശ്വതമാണ്. ഭർത്താവിന്റെയോ ഭാര്യയുടെയോ മരണം വരെ നിലനിൽക്കുന്നു.

ഈ ഭൂമിയിൽ ഏതൊരു ബന്ധത്തെക്കാളും ഉദാത്തവും ഉത്കൃഷ്ടവും ആർദ്രവുമായ ബന്ധം ഭാര്യാഭർത്തൃ ബന്ധമാണ്. ഇത് ഉടമ്പടി ബന്ധമാണ്. രക്തബന്ധത്തേക്കാൾ വലിയതാണ് ഉടമ്പടി ബന്ധം. ദൈവം എപ്പോഴും ഉടമ്പടി ബന്ധം അറിയുന്നു. അതുകൊണ്ട് ദൈവത്തിന്റെ ഉടമ്പടി ബന്ധത്തിന്റെ ഭാഗമാണ് നമ്മൾ. ഇസ്രായേലിനെ ഒരു ഉടമ്പടി ബന്ധത്തിലൂടെയാണ് ദൈവം ഉയർത്തിയത്. ഇസ്രായേലിന്റെ ഭാഗമല്ലാത്ത മനുഷ്യമക്കളെ അവിടുത്തെ ഭാഗമാക്കി തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണമാക്കി മാറ്റിയതെങ്ങനെയാണ്? ഇസ്രായേലിനോട് രക്തബന്ധമുള്ളതുകൊണ്ടാണോ? അല്ല ഉടമ്പടി ബന്ധത്തിൽ ആണ്. അതുകൊണ്ടാണ് പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും അവർ ഇരുവരും ഏക ശരീരമായിത്തീരും (മത്താ. 19:4-7) എന്നു പറഞ്ഞത്. ഈ ഭൂമിയിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധമല്ല വലുത് ഭാര്യാഭർത്താക്കന്മാരായിട്ടുള്ള സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധമാണ് വലുത്. തന്റെ ഭാര്യയെ കണ്ടപ്പോൾ ആദാം പറഞ്ഞു; ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും (ഉല്പത്തി 2:23). അതുകൊണ്ട് സ്ത്രീപുരുഷ ബന്ധം വിവാഹിതരാകുമ്പോൾ അത് അസ്ഥിയുടെ ബന്ധവും അത് മാംസത്തിന്റെ ബന്ധവും മജ്ജയുടെ ബന്ധവും ഉടമ്പടിയുടെ ബന്ധവുമായിട്ട് മാറുന്നു.

ദൈവം സ്ഥാപിച്ച ഈ ബന്ധത്തിനെതിരെ ആർക്കെങ്കിലും സ്വരമുയർത്താനോ ചോദ്യമുയർത്താനോ അവകാശമില്ല. അതുകൊണ്ട് ഒരിക്കലും എനിക്ക് ഈ പുരുഷനെ വേണ്ടായിരുന്നെന്ന് ഒരു ഭാര്യയും ഈ സ്ത്രീയെ വേണ്ടായിരുന്നുവെന്ന് ഒരു ഭർത്താവും പറയാതിരിക്കട്ടെ. ദൈവം അറിഞ്ഞുതന്നതാണ് ഈ ബന്ധം. നമ്മുടെ ശിരസ്സിലെ മുടിയുടെ എണ്ണംപോലും അറിയുന്ന ദൈവമാണ്. ഓരോ പുരുഷനുവേണ്ടിയും ഓരോ സ്ത്രീയെ സൃഷ്ടിച്ച് സംരക്ഷിച്ച് മാറ്റി നിർത്തിയിരിക്കുന്നത്.

അതുകൊണ്ട് മനസ്സുകൊണ്ടുപോലും ജീവിതപങ്കാളിയെ വേണ്ടാ എന്നു പറയുവാനോ തിരസ്കരിക്കുവാനോ ദമ്പതിമാർക്ക് അവകാശമില്ല. കാരണം ദൈവം ഓരോരുത്തരെയും അനന്തമായി സ്നേഹിച്ചുകൊണ്ട് ലോകസ്ഥാപനത്തിനു മുമ്പേ തന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു.

അതുകൊണ്ട് ദൈവത്തിന്റെ തൃക്കരങ്ങളിൽ നിന്ന് ജീവിതപങ്കാളിയെ ഇരുകൈകളും നീട്ടി സ്വീകരിക്കുക. അവരുടെ കുറവുകളും കൂടി സ്വീകരിക്കണം കാരണം ഒരു വ്യക്തിയെ സ്വീകരിക്കുമ്പോൾ നന്മ മാത്രം സ്വീകരിച്ചാൽ പോരാ കുറവുകളും പോരായ്മകളും കൂടി സ്വീകരിക്കേണ്ടതാണ്. ഇതാണ് ദൈവത്തിന്റെ പദ്ധതി. രണ്ടു വ്യത്യസ്തങ്ങളായ ജീവിതങ്ങളെ ഒന്നാക്കി മാറ്റിക്കൊണ്ട് സമ്പൂർണ്ണബലിയാക്കി ഉയർത്തുന്ന രക്ഷയുടെ പദ്ധതിയാണ്. വിവാഹ ജീവിതത്തിലേക്ക് കടന്നുവരുന്ന പുരുഷനും സ്ത്രീയും രക്ഷയുടെ അടയാളമാണ്.

വിവാഹം എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം വിശേഷാൽ വഹിക്കുന്നത് എന്നാണ്. ചിലർ പറയാറുണ്ട് വിവാഹം കഴിഞ്ഞാൽ സ്വാതന്ത്ര്യം നഷ്ടമാകും എന്ന്. ജീവിത പങ്കാളിയിൽ നിന്ന് എന്തെങ്കിലും മറയ്ക്കാനുള്ളവരാണ് അങ്ങനെ പറയുന്നത്. പരസ്പരം എല്ലാം തുറന്ന് സംസാരിക്കുകയും സ്നേഹത്തോടും ഐക്യത്തോടും വിശ്വാസത്തോടും ജീവിക്കുകയാണെങ്കിൽ ജീവിതം ആനന്ദപ്രദം ആയിരിക്കും.

ഇരുവരുടെയും ആത്മ രക്ഷയ്ക്കുവേണ്ടി ആത്മസമർപ്പണം നടത്തുന്ന ഒരു കൂദാശയാണ് വിവാഹം. ദൈവസ്ഥാപിതമായ ഈ ബന്ധത്തിനു നടുവിൽ യേശുവുണ്ട്. രക്ഷകനായ യേശുവാണ് ഈ രക്ഷയുടെ സ്നേഹം അവർക്ക് കൊടുക്കുന്നത് (മത്തായി 18:20) ഈ ബോധ്യത്തോടെ ദമ്പതികൾ ഏകമനസ്സായി എന്തു ചോദിച്ചാലും സ്വർഗ്ഗസ്ഥനായ പിതാവ് അത് നിറവേറ്റിത്തരും.

അതുകൊണ്ട് സ്വന്തം ജീവിതപങ്കാളിയെ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിച്ച് കുറവുകൾക്കും പോരായ്മകൾക്കും വേണ്ടി എന്തു ചെയ്യും എന്ന് ദൈവം ചോദിച്ചാൽ മറുപടി ഇപ്രകാരം ആയിരിക്കണം. പ്രാർത്ഥിച്ചും ക്ഷമിച്ചും സഹിച്ചും നീതിയും സത്യവും പുലർത്തി സ്നേഹത്തോടെയും പരസ്പര വിശ്വാസത്തോടെയും മരണം വരെ ഞങ്ങൾ ജീവിക്കും. ഇങ്ങനെ എല്ലാവർക്കും ജീവിക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

28 ഇടയന്മാർ പറയുന്നു

28 ഇടയന്മാർ പറയുന്നു എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി ജനുവരി 20–ാം തീയതി നിർവ്വഹിക്കും. കൊട്ടാരക്കര ഓർത്തഡോക്സ് കൺവെൻഷനോട് അനുബന്ധിച്ചാണ് പ്രകാശന കർമ്മം നടക്കുന്നത്.

ചെങ്ങന്നൂർ ഭദ്രാസനം ഉൾപ്പെടെ 17 ഭദ്രാസനങ്ങളുടെ വിശദവിവരങ്ങൾ, വികസന പദ്ധതികൾ, പ്രവർത്തന മേഖലകൾ, സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെട്ട ഗ്രന്ഥം 50 ശതമാനം വിലക്കുറവിൽ വാങ്ങാൻ ബഥേൽ പത്രിക വായനക്കാർക്ക് അവസരം നൽകുന്നു. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ആത്മീയ ചിന്താധാരകളും ജീവിതവീക്ഷണവും തിരുമേനിയുമായുള്ള അഭിമുഖത്തിൽ വായിക്കാം. 32 ചോദ്യങ്ങൾക്ക് തിരുമേനി നൽകിയ മറുപടി 11 പേജുകളിലായി പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സഭയിലെ 21 മെത്രാപ്പോലീത്തന്മാർ ഉൾപ്പെടെ 28 ഇടയന്മാരുമായി റോയ് ചാക്കോ ഇളമണ്ണൂർ (ആകാശവാണി ന്യൂസ്എഡിറ്റർ) നടത്തിയ അഭിമുഖമാണ് പുസ്തകമായി പ്രസിദ്ധീകരിക്കുന്നത്. 1100–ൽപ്പരം ചോദ്യങ്ങൾക്ക് സഭയിലെ ബിഷപ്പുമാരും വൈദികരും നൽകിയ മറുപടിയിൽ ഭദ്രാസനങ്ങളുടെ ഭൗതികസ്ഥിതിയും ആചാര്യന്മാരുടെ ആത്മീയ ചിന്താഗതികളുമാണ് ഉൾപ്പെട്ടിരിക്കുന്നത്. സഭയുടെ വികസനപദ്ധതികളും കാരുണ്യപ്രവർത്തനങ്ങളും വിവരിക്കുന്ന ഈ ഗ്രന്ഥം സഭയുടെ ആധുനിക ചരിത്രത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

200 രൂപ വിലയുള്ള ഈ പുസ്തകം 150 രൂപ നൽകി 2012 ജനുവരി 31 വരെ ചെങ്ങന്നൂർ ഭദ്രാസന അരമനയിൽ നിന്നും വാങ്ങാവുന്നതാണ്.

ലെൻസ് വേൾഡ് ഒപ്റ്റീഷ്യൻസ്, എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷൻ, എം.സി. റോഡ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും കോപ്പികൾ ലഭിക്കും. വിവരങ്ങൾക്ക് 9446529577

സൂപ്പർ ബ്ലോഗർ അവാർഡ്



മലയാളത്തിലെ ഇന്റർനെറ്റ് എഴുത്തിനുള്ള ബൂലോകം സൂപ്പർ ബ്ലോഗർ അവാർഡിന് മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗം കാർട്ടൂണിസ്റ്റ് ജോയി കുളനട അർഹനായി. 25000 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്. ഏപ്രിലിൽ കോട്ടയത്ത് ചേരുന്ന ഇന്റർനെറ്റ് എഴുത്തുകാരുടെ കൂട്ടായ്മയിൽ അവാർഡ് സമ്മാനിക്കും. രണ്ടു ദശാബ്ദത്തെ പ്രവാസ ജീവിതത്തിനുശേഷം ഇപ്പോൾ നാട്ടിൽ ഫ്രീലാൻഡ് കാർട്ടൂണിസ്റ്റും കേരള ആനിമേഷൻ അക്കാഡമി ചെയർമാനുമാണ്.

ലേഖനം

സ്നേഹം വിതച്ച് നന്മ കൊയ്യുക

ഗ്രേസി രാജു തൈയ്യിൽ

നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്. തളർന്നു പോകാഞ്ഞാൽ തക്ക സമയത്ത് നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹ വിശ്വാസികൾക്കും നന്മ ചെയ്ക. (ഗലാത്യർ 6:9,10) പക്ഷെ തിരുവചനത്തിൽ പറയുന്നതുപോലെ നന്മ ചെയ്യാൻ നാം മറന്നു പോയിരിക്കുന്നു. നന്മ ചെയ്യുന്നത് ത്യാഗം തന്നെയാണെന്ന് ഇന്നത്തെ തലമുറയ്ക്ക് അറിയില്ല എന്നുള്ളതാണ് സത്യം. അധാർമ്മികതയിലേക്കും പൈശാചിക മാർഗ്ഗത്തിലേക്കും നമ്മുടെ സ്വന്തം കുഞ്ഞുങ്ങൾ കൂടി ഉൾപ്പെട്ടു പോയിരിക്കുന്നു എന്ന അശുഭകരമായ വാർത്ത നമ്മെ വേദനിപ്പിക്കുന്നില്ലേ? "ദൈവത്തിന്റെ സ്വന്തം നാടെന്ന്" നമ്മൾ അഭിമാനിയ്ക്കുന്ന നമ്മുടെ കൊച്ചുകേരളത്തിന്റെ പുത്തൻ തലമുറയ്ക്ക് ഇതെന്തു പറ്റി? "മനുഷ്യത്വം" അവർക്ക് നഷ്ടപ്പെട്ടുവോ? ക്രിസ്തുവിന്റെ പാത പിൻപറ്റുന്ന നമ്മൾ ഇത് കണ്ടില്ലെന്നു നടിക്കാൻ ശ്രമിക്കുന്നുവോ? നാം ഉണർന്ന് പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നന്മയുടെയും, സ്നേഹത്തിന്റെയും, ക്ഷമയുടെയും കാതലായ ''മനുഷ്യത്വം നഷ്ടപ്പെട്ട ജനത്തെ വീണ്ടെടുക്കാൻ നമുക്ക് കഴിഞ്ഞേ തീരൂ.

യുഗങ്ങളിലൂടെയുള്ള മനുഷ്യന്റെ ചരിത്രം പരിശോധിച്ചാൽ മൃഗീയതയിൽ നിന്ന് മനുഷ്യത്വത്തിലേക്കും അതുവഴി സ്നേഹത്തിലേക്കും നന്മയിലേക്കുമുള്ള ഒരു വളർച്ചയായിരുന്നു നമുക്കു കാണാൻ കഴിഞ്ഞിരുന്നത്. കുടുംബവ്യവസ്ഥിതി നിലവിൽ വന്നതിനുശേഷം കൂട്ടുകുടുംബ വ്യവസ്ഥിതിയും, ഗ്രാമീണതയും നിറഞ്ഞ ഭൂതകാലത്തിന്റെ മുഖമുദ്രതന്നെയായിരുന്നു സ്നേഹവും മനുഷ്യത്വവും എന്നുള്ളത്. പകലന്തിയോളം പാടത്തും പറമ്പിലും പണിയെടുത്ത് തളരുമ്പോഴും സഹജീവികളെ സഹായിക്കാനും , സ്നേഹിക്കാനും ആരും പിശുക്ക് കാട്ടിയിരുന്നില്ല. അന്ന് ഇല്ലായ്മയുടെയും പട്ടിണിയുടെയും നടുവിലും എല്ലാവരും പുഞ്ചിരിക്കാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തിരുന്നു. ഇന്ന് സുഭിക്ഷതയുടെയും, സമ്പന്നതയുടെയും മടിത്തട്ടിലല്ലേ നാം ജീവിക്കുന്നത്? പിന്നെ എങ്ങനെ നമ്മുടെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നന്മയുടെയും നാളുകൾ നമ്മളിൽ നിന്ന് പൊയ്പ്പോയി? ആര് കവർന്നെടുത്തു? നമ്മുടെ ദേശം ഇന്ന് തിന്മയുടെയും അസന്മാർഗ്ഗത്തിന്റെയും ഇടമായി മാറിക്കഴിഞ്ഞിരിക്കുന്നു. "മനുഷ്യത്വവും" "സ്നേഹവും" "ക്ഷമയും" ഉണ്ടെങ്കിലേ "നന്മയുടെ" പ്രകാശം വീണ്ടും നമ്മിൽ ഉദിക്കുകയുള്ളൂ. അത് എവിടെ

നിന്ന് ഇനിയും നമുക്ക് കിട്ടും?

സമൂഹജീവിയായ മനുഷ്യന്റെ ആദ്യ ഗുരു "അമ്മയും" പാഠശാല അവന്റെ സ്വന്തം കുടുംബവുമാണ്. സമൂഹത്തിന്റെ അടിത്തറയായ കുടുംബത്തിൽ ദൈവിക ചൈതന്യം നിറഞ്ഞുനിന്നാലേ മറ്റുള്ളവരിലും അത് പകർന്ന് കിട്ടുകയുള്ളൂ. ഒരു കാലത്ത് സന്ധ്യാപ്രാർത്ഥനകളാലും, യാമപ്രാർത്ഥനകളാലും സമ്പന്നമായിരുന്ന നമ്മുടെ കുടുംബങ്ങളിലെ സായം സന്ധ്യകൾ ഇന്ന് ചാനലുകളും, ഇന്റർനെറ്റുകളും കൈയടക്കി കഴിഞ്ഞിരിക്കുന്നു എന്ന വേദനാജനകമായ സത്യം നമുക്ക് നിസാരമായി തള്ളിക്കളയാനാകുമോ? നമ്മുടെ കുടുംബങ്ങൾ അശാന്തിയുടെയും, കലഹത്തിന്റെയും ഇടമായി മാറിയെന്ന ദുഃഖാവസ്ഥ നമുക്ക് മറച്ചു വയ്ക്കാനാവുമോ? തിരുവചനത്തിൽ പറയുന്നതുപോലെ "ഞാനും, എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്നതായിരിക്കട്ടെ ഓരോ കുടുംബത്തിന്റെയും ആപ്തവാക്യം.

വരും തലമുറയെ നേരിന്റെ പാതയിൽ വാർത്തെടുക്കേണ്ട അണുകുടുംബങ്ങൾ "ക്ഷമയും സ്നേഹവും മനുഷ്യത്വവും" മക്കൾക്ക് പഠിപ്പിച്ചുകൊടുക്കുകയും, ക്രിസ്തീയ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യണം. തിന്മയ്ക്ക് ശിശുക്കൾ ആയിരിപ്പീൻ" (1 കൊരിന്ത്യർ 14:20) എന്ന് ഉപദേശിക്കുകയും വേണം. ഭൗതിക നേട്ടങ്ങളും, നൈമിഷിക സുഖങ്ങളും മാത്രമല്ല ജീവിതം എന്ന് മനസ്സിലാക്കി ജീവിക്കുകയും അത് കുടുംബത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യണം. തെറ്റിനെ തെറ്റുകൊണ്ട് എതിരിടാതെ സ്നേഹത്തിന്റെയും, ക്ഷമയുടെയും, മനുഷ്യത്വത്തിന്റെയും കരങ്ങളുമായി മറ്റുള്ളവരെ സമീപിക്കാൻ നമുക്ക് പഠിക്കാം. മാപ്പ് കൊടുക്കലാകട്ടെ നമ്മുടെ ഉപവാസം.

ക്ഷമിക്കാൻ സാധിക്കുമ്പോൾ നമുക്ക് എന്തും സാധിക്കും എന്ന് മക്കളെ പറഞ്ഞ് മനസ്സിലാക്കുക. ഒരാളെ തിരിച്ചടിക്കാൻ സാധിക്കുമ്പോഴേ നീ കഴിവുള്ളവനാകുന്നു എന്ന് ധരിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തി എഴുതുവാൻ സമയമായി. വിവേകം ഉണ്ടാകുമ്പോൾ മാത്രമേ ക്ഷമിക്കാനുള്ള കഴിവ് നമുക്ക് ഉണ്ടാകുകയുള്ളൂ. ഒരു വാക്ക് കേട്ട് കോപിയ്ക്കാൻ തക്കവണ്ണം നാം നിസാരന്മാരാകരുത്. കോപിക്കാൻ എല്ലാവർക്കും കഴിയും, ക്ഷമിക്കാൻ ചിലർക്കേ കഴിയൂ. അതിൽ ഒരാളാകാൻ നമുക്ക് ശ്രമിക്കാം. അഹങ്കാരത്തിന്റെ മുന ഒടിക്കാൻ അതിന് കഴിയും എന്നോർക്കുക.

വേദനിക്കുന്നവരെയും പ്രയാസപ്പെടുന്നവരെയും അവഗണിയ്ക്കാതെ അവരുടെ അരികിൽ നല്ല സ്നേഹിതനായി സഹായത്തിന്റെ കൈകൾ നീട്ടി അവരെ ആശ്വസിപ്പിക്കാൻ നമുക്ക് നമ്മുടെ മക്കളെ പഠിപ്പിയ്ക്കാം. നമ്മുടെ പിൻതലമുറയിൽ നിന്ന് നാം പഠിച്ച നല്ല പാഠങ്ങൾ നമ്മുടെ കുടുംബങ്ങളിലും ഭാവിതലമുറകളിലും പകർന്നു നൽകാൻ നമുക്കോരോരുത്തർക്കും സാധിച്ചാൽ വരുംതലമുറ നല്ലവരായി വളരും. സംശയമില്ല. അങ്ങനെ സ്നേഹവും ക്ഷമയും മനുഷ്യത്വവും നമ്മുടെ സമൂഹത്തിൽ തളിരിടുമ്പോൾ സ്നേഹം വിതച്ച് നന്മ കൊയ്യുവാൻ നമുക്ക് സാധിക്കും. യേശുവിനെ ഹൃദയത്തിൽ സൂക്ഷിച്ച് നന്മയുടെയും സ്നേഹത്തിന്റെയും, ക്ഷമയുടെയും പാത നമുക്ക് കാട്ടിത്തന്ന ആ പരമോന്നതന്റെ നല്ലപാത പിൻതുടർന്ന് നമുക്ക് ജീവിക്കാം.

ബഥേൽ പത്രിക ചീഫ് എഡിറ്റർ ഫാ. ഏബ്രഹാം കോശി കുന്നുംപുറത്തിന് മികച്ച മാസിക എഡിറ്റർക്കുള്ള JCI Best Performer Award 2012 ലഭിച്ചു. പ്രമുഖ യുവ എഴുത്തുകാരനും പൊതുപ്രവർത്തകനുമായ ശ്രീ. രാഹുൽ ഈശ്വർ അവാർഡ് സമ്മാനിച്ചു. പത്രപ്രവർത്തനത്തിന് ശ്രീ. എം.എസ്. വിനോദ് കുമാർ (മലയാള മനോരമ), ശ്രീ. എസ്. ഡി. വേണു കുമാർ (മാതൃഭൂമി), കവിയായ ശ്രീ. രാജഗോപാൽ, ആർഷനാദം എഡിറ്റർ ശ്രീ. വേദപ്രകാശ് സാമൂഹിക പ്രവർത്തകനായ ഡോ. ഷിബു ഉമ്മൻ എന്നിവരാണ് മറ്റ് അവാർഡ് ജേതാക്കൾ.

ഓർമ്മപ്പെരുന്നാൾ

കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ വി. സ്തേഫാനോസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ 2013 ജനുവരി 1 മുതൽ 8 വരെ വിവിധ പരിപാടികളോടെ നടത്തി. റവ. ഫാ. ബിജു റ്റി. മാത്യു, റവ. ഫാ. ഷിബു വർഗ്ഗീസ് എന്നിവർ വചനശുശ്രൂഷ നടത്തി. എഴിയ്ക്കാട് കുരിശിൻ സൗധത്തിൽ നിന്നും ഭക്തിനിർഭരമായ റാസയും ചെന്നൈ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും നടത്തി. പെരുന്നാളിനു വികാരി റവ. ഫാ. ജോസ് തോമസ്, ട്രസ്റ്റി ശ്രീ. റ്റി.എസ്. രാജു, സെക്രട്ടറി ശ്രീ. ബൈജു കെ. മാത്യു എന്നിവർ നേതൃത്വം നൽകി.

ബാലപത്രിക

ജീവിതത്തിലെ തിരമാലകൾ

സ്നേഹമുള്ള കൂട്ടുകാരെ,

പുതിയ വർഷത്തിൽ പുതിയ പ്രതീക്ഷകളുമായി പുതുജീവിതത്തിന് തുടക്കമിട്ടുയെന്നു വിശ്വസിക്കുന്നു.

പ്രതീക്ഷകളോടെ, പ്രതിജ്ഞകളോടെ തുടങ്ങി വയ്ക്കുന്നു. പല കാര്യങ്ങളും ദിവസങ്ങൾ കഴിയുന്തോറും പ്രജ്ഞയറ്റ് അകാലചരമം പ്രാപിക്കുന്ന അനുഭവങ്ങൾ കാണാറുണ്ട്.

നാം ദൂരെ നിന്നു നോക്കുമ്പോൾ നീണ്ടുപരന്നു കിടക്കുന്ന സമുദ്രനിരപ്പ് ശാന്തമാണ്. എന്നാൽ അടുത്തുവരുമ്പോൾ കാണുന്നത് ഉയർന്നുപൊങ്ങി ആഞ്ഞടിക്കുന്ന തിരമാലകളാണ്. അവ ഒന്നിനു പിറകെ ഒന്നായി ആഞ്ഞടിച്ചുകൊണ്ടിരിക്കും. മനുഷ്യജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ്.

പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ ഇത് എന്റെ മാത്രം ദുർവിധിയാണ് എന്നു പലരും പരാതിപ്പെടാറുണ്ട്. എല്ലാവരുടെയും ജീവിതത്തിൽ കൊടുങ്കാറ്റുകളുണ്ട്. എപ്പോഴും ഉണ്ടാവില്ല എന്നുമാത്രം.

നമ്മുടെ ജീവിതയാത്രയിൽ ചിലപ്പോൾ ഉയരുന്ന തിരമാലകൾ നമ്മുടെ ചെറുവഞ്ചിയെ മുക്കികളയുമോ എന്നുപോലും നാം ഭയപ്പെട്ടേക്കാം. ദൃഢമായ വിശ്വാസവും മങ്ങാത്ത പ്രത്യാശയും ഉണ്ടെങ്കിൽ ഏതു പ്രതിസന്ധികളെയും നമുക്കു തരണം ചെയ്യുവാൻ കഴിയും.

കയ്പും നിരാശയും നിറഞ്ഞ ചെളിക്കുണ്ടിൽ കിടക്കുവാനല്ല പ്രകാശം നിറഞ്ഞ പ്രത്യാശയുടെ മണൽപ്പരപ്പിൽ ചരിക്കുവാനാണ് നമുക്ക് കഴിയേണ്ടത്.

നിരാശനിറഞ്ഞ ജീവിത സാഹചര്യത്തിലൂടെ തുഴഞ്ഞു കയറുന്നവർക്ക് അതുമൂലം പല കഴിവുകളും വളർത്തിയെടുക്കുവാൻ കഴിഞ്ഞതായി മനസ്സിലാകുന്നുണ്ട്. ഒന്നിനും കഴിവില്ലാത്തവൻ എന്നു സ്വയം പഴിച്ചു കഴിയുന്നവർ പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ ദൈവദത്തമായ കഴിവുകൾ സ്വയം പ്രാവർത്തികമാക്കുവാൻ പഠിക്കുന്നു.

പ്രതിസന്ധികളിൽ മറ്റുള്ളവരിൽനിന്നും സഹായങ്ങൾ ലഭിക്കുമ്പോൾ മറ്റുള്ളവരുടെ സ്നേഹത്തെപ്പറ്റി മനസ്സിലാക്കുവാൻ കഴിയുന്നു. അപ്രതീക്ഷിതമായ പ്രയാസങ്ങൾ നേരിടേണ്ടി വരുമ്പോൾ ക്ഷമയും സഹനശക്തിയും സ്വയം വളർത്തിയെടുക്കുവാൻ കഴിയുന്നു.

സ്വയം പ്രയാസങ്ങളിലൂടെ കടന്നു പോകുമ്പോൾ നാം അറിയാതെ മറ്റുള്ളവരോട് സഹതാപവും ആർദ്രതയുമുള്ളവരായി തീരുന്നു. അങ്ങനെ നോക്കുമ്പോൾ ജീവിത സാഗരത്തിലെ തിരമാലകൾ നമുക്കു നേരെ അടിക്കുന്നത് നമ്മെ നശിപ്പിക്കുവാനല്ല കൂടുതൽ ശക്തരാകുവാൻ ആണെന്നുള്ള ബോധം നമ്മെ ഉയർച്ചയിലേക്ക് നയിക്കും.

കൂട്ടുകാരെ,

പ്രയാസങ്ങളിൽ തളർന്നു പോകാതെ അതിൽ നിന്നും കൂടുതൽ ശക്തി പ്രാപിച്ച് ഉയർന്നു മുന്നേറുവാൻ പുതിയ വർഷത്തിൽ തയ്യാറെടുക്കുക. ജീവിതയാത്രയിൽ വിജയം ലഭിക്കും.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം **ആനിച്ചേച്ചി**

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

പ്രതികരണപത്രിക

ഓർത്തഡോക്സുകാരന്റെ കല്പന ലംഘനം

ബഥേൽ പത്രിക 2012 ഒക്ടോബർ, നവംബർ മാസങ്ങളിലെ 'പ്രതികരണപത്രിക'യിൽ പറയുന്ന കാര്യങ്ങൾ ഓർത്തഡോക്സുകാരന്റെ കണ്ണുതുറപ്പിക്കേണ്ടതാണ്. ഓർത്തഡോക്സ് സഭയിൽ അനുവദിച്ചിട്ടില്ലാത്ത ദിവസങ്ങളിൽ (കൂടുതലും ശനിയാഴ്ച) നടക്കുന്ന വിവാഹങ്ങളിൽ നല്ല പങ്കും മാർത്തോമ്മാക്കാരുടെ പ്രേരണയിൽ ഓർത്തഡോക്സ്കാരൻ നിയമലംഘനം നടത്തി ക്രമീകരിക്കുന്നതാണെന്നുള്ള വസ്തുത വെളിച്ചത്തുകൊണ്ടു വന്നത് ഉചിതമായി. അഷ്ഠമിയും രാഹുകാലവും ശകുനവും നോക്കുന്ന ഓർത്തഡോക്സുകാരന് സഭാതലവനെ കബളിപ്പിച്ച്, സഭയെ അവഹേളിച്ച് നിരോധിത ദിവസം വിവാഹിതനാകുന്നതിന് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല.

വിവാഹനിശ്ചയ വേളയിൽ പെണ്ണിനെയും ചെറുക്കനെയും ഒരുമിച്ചിരുത്തുന്നതു പ. കാതോലിക്കാ ബാവാ കല്പനയിലൂടെ നിരോധിച്ചിട്ടുണ്ടല്ലോ. വധൂവരന്മാർ നമ്മുടെ സഭാംഗങ്ങളാകുമ്പോൾ ഈ കല്പന പാലിക്കപ്പെടുന്നുണ്ട്. എന്നാൽ വധു അന്യസഭാംഗമായിരിക്കുകയും വിവാഹനിശ്ചയം അവരുടെ ചുമതലയിൽ നടത്തുകയും ചെയ്യുമ്പോൾ ഈ കല്പന ലംഘിപ്പെടുന്നുവെന്നുള്ളതു ഖേദകരമായ വസ്തുതയാണ്.

അടുത്ത സമയത്ത് നടന്ന ഒരു വിവാഹ നിശ്ചയത്തിൽ പങ്കെടുക്കാൻ ഈയുള്ളവന് അവസരം ലഭിച്ചു. നമ്മുടെ രണ്ടു വൈദികരും ഒരു മാർത്തോമ്മാ വൈദികനും ഉൾപ്പടെ വലിയ ഒരു ജനാവലി ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു. വരൻ ഓർത്തഡോക്സുകാരനും വധു മാർത്തോമ്മാക്കാരിയുമാണ്. ഇടവക വികാരിയായ ഓർത്തഡോക്സ് വൈദികൻ വരനെയും വീട്ടുകാരെയും സഭാതലവന്റെ കല്പനയെക്കുറിച്ച് മുൻകൂട്ടി ഉദ്ബോധിപ്പിച്ചിരുന്നു. അതനുസരിച്ച് പ്രതിശ്രുത വധൂവരന്മാരെ അടുത്തിരുത്തരുതെന്ന് വധുവിന്റെ വീട്ടിൽ അറിയിക്കുകയും ചെയ്തിരുന്നു. ഹാളിലെത്തിയപ്പോൾ മനോഹരമായി അലങ്കരിച്ച സ്റ്റേജിൽ വധൂവരന്മാർക്കിരിക്കാനുള്ള സിംഹാസന സമാനമായ കസേരകൾ ക്രമീകരിച്ചിരുന്നു. ആതിഥേയനായ മാർത്തോമ്മാ വൈദികൻ വധൂവരന്മാരെ സ്റ്റേജിലേക്കു ക്ഷണിച്ചു. അടുത്തടുത്ത് ക്രമീകരിച്ചിരിക്കുന്ന കസേരകളിൽ ഇരിക്കാൻ ആവശ്യപ്പെട്ടപ്പോൾ വരൻ ആദ്യം വൈമനസ്യം പ്രകടിപ്പിച്ചെങ്കിലും അവസാനം നിർബന്ധത്തിനു വഴങ്ങി ഇരിക്കേണ്ടതായി വന്നു. "ഇവിടെ വച്ചു നടക്കുന്ന ചടങ്ങിൽ ഞങ്ങളുടെ രീതിയനുസരിച്ച് ചെയ്യണം" മെന്ന് ആ വൈദികൻ ഓർത്തഡോക്സ് വൈദികരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

ഇതു കേട്ടപ്പോൾ ഈയുള്ളവൻ ഒരു കൗശലം പ്രയോഗിച്ചു. ഈ വിവാഹം (ഇന്ന തീയതി) ഞായറാഴ്ച നടത്തുന്നതാണ് ഞങ്ങൾക്ക് സൗകര്യമെന്നു മാർത്തോമ്മാ വൈദികനോട് പറഞ്ഞു. മാർത്തോമ്മാക്കാർക്ക് ഞായറാഴ്ച കല്യാണം പാടില്ലെന്നുള്ള കാരണം പറഞ്ഞ് അദ്ദേഹം എതിർത്തു. "ഇവിടെ വച്ചു നടക്കുന്ന ചടങ്ങ് നിങ്ങളുടെ രീതിയനുസരിച്ച് നടത്തണമെങ്കിൽ അവിടെ വച്ചു നടക്കുന്ന ചടങ്ങ് ഞങ്ങളുടെ രീതിയനുസരിച്ച് നടത്താമല്ലോ" എന്നു ചോദിച്ചപ്പോൾ ഈ വൈദികന് ഉത്തരം മുട്ടി.

ഓർത്തഡോക്സുകാരനായ വരനെയും ഓർത്തഡോക്സ് സഭയിൽ ചേരുന്ന വധുവിനെയും കൊണ്ട് ആ വൈദികൻ സഭാതലവന്റെ കല്പന ലംഘിപ്പിച്ചെങ്കിലും സംഘത്തിലുണ്ടായിരുന്ന സീനിയർ ഓർത്തഡോക്സ് വൈദികൻ കൗമാ നമസ്ക്കരിച്ചപ്പോൾ മാർത്തോമ്മാക്കാരെ ബുദ്ധിമുട്ടിക്കാതിരിക്കാൻ "കൃപ നിറഞ്ഞ മറിയാമേ..." ഒഴിവാക്കാനുള്ള മഹാമനസ്കത കാണിച്ചു. വിവാഹത്തിന്റെ ആലോചനാവേളയിൽ തന്നെ ഈ വിവാഹം ഒരു ഞായറാഴ്ച നടത്തുന്നതിനെപ്പറ്റി വരന്റെ ഭാഗത്തുള്ളവർ പറഞ്ഞപ്പോൾ വധുവിന്റെ കൂട്ടർ എതിർത്തതുകൊണ്ട് വിവാഹം തിങ്കളാഴ്ചത്തേക്ക് ക്രമീകരിക്കുകയായിരുന്നു. (ഏതായാലും ശനിയാഴ്ച നടത്താൻ നിർബന്ധിക്കാതിരുന്നത് ഭാഗ്യം; വരൻ ദേവലോകത്തേക്ക് പറക്കേണ്ടതായി വന്നേനെ). അവിടെയും മാർത്തോമ്മാക്കാരുടെ താല്പര്യം സംരക്ഷിക്കാൻ ഓർത്തഡോക്സുകാർ വഴങ്ങേണ്ടതായിവന്നു.

ജോൺ വർഗീസ്, ഇരവിപേരൂർ

അഖില മലങ്കര ക്വിസ്

ഇടവങ്കാട് M.G.O.C.S.M Unit ന്റെ ആഭിമുഖ്യത്തിൽ ദേവാലയത്തിന്റെ തൃതീയ സുവർണ്ണജൂബിലി ആഘോഷത്തിന്റെയും പുനർനിർമ്മിച്ച ദേവാലയ കൂദാശയുടെയും ഭാഗമായി "BIBLIA-2013" അഖില മലങ്കര ക്വിസ് മത്സരം ജനുവരി 20-ാം തീയതി ഉച്ചയ്ക്ക് 1.30 ന് ഇടവങ്കാട് സെന്റ് മേരീസ് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. ഏവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു. ബന്ധപ്പെടേണ്ട നമ്പർ : 9544384471

ദശാംശ പദ്ധതി

ബഥേൽ മാർ ഗ്രീഗോറിയോസ് അരമനപ്പള്ളി

954ഡോ. തോമസ്, കല്ലൻപറമ്പിൽ,955 ശ്രീ. ജോൺ ജോസഫ്, ഡാണാംപടിക്കൽ,956 ശ്രീ. ഷിബു മാത്യു, ഉഴത്തിൽ,957ശ്രീ. കെ. എം. തമ്പിക്കുട്ടി, കാവിലേവീട്ടിൽ,958ശ്രീ. തങ്കച്ചൻ, കക്കുന്നിൽ,959ശ്രീ. ജോണി പി. വി., പുലിപ്പുറേത്ത്,960ശ്രീ. പൊന്നച്ചൻ വർഗ്ഗീസ്, ഉഴത്തിൽ,961ശ്രീ. ജോസഫ് വർഗ്ഗീസ്, മേലേപാണ്ടിയിൽ,962ശ്രീ. ചെറിയാൻ വർഗ്ഗീസ്, മലയിൽ പുത്തൻവീട്,963ശ്രീ. കുര്യൻ ഫിലിപ്പോസ്, പ്ലാവനാൽ,964ശ്രീ. എം. കെ. സ്കറിയ, കാടുവെട്ടൂർ മാന്താനത്ത്,965 ശ്രീ.മാത്തുണ്ണി ബേബി, വെണ്മണി തുണ്ടത്തിൽ,966ശ്രീ. അനോജ് ചെറിയാൻ, വട്ടപ്പറമ്പിൽ,967ശ്രീ. കെ. മത്തായി, കൊച്ചുകളിക്കൽ,968 ശ്രീ. ജെ. മാത്യു, ഉഴത്തിൽ969ശ്രീ. സ്ക്കറിയാ തോമസ്, പുളിക്കീഴിൽ,970ശ്രീ. ബാബു ജോൺ, ആര്യപ്പള്ളിൽ,971 ആർട്ടിസ്റ്റ് ബേബി, മണലേൽ,972ശ്രീ. റ്റി. സി. ജോസഫ്, ഡാണാംപടിക്കൽ,973ശ്രീ. ജോർജ്ജ് ഉമ്മൻ, തുണ്ടത്തിൽ,974ശ്രീ. പി. റ്റി. കുര്യാക്കോസ്, പുതുശ്ശേരിൽ,975ശ്രീ. ഷാജി സി. പി., ചെറുവത്തൂർ ഷാജി വില്ല,976ശ്രീമതി ഏലിയാമ്മ മാത്യു, കീച്ചേരിൽ പള്ളത്ത് ,977ശ്രീ. കെ. വി. മാത്യു, ലനീന കല്ലൻപറമ്പിൽ,978ശ്രീമതി ബിൻസി സ്കറിയ, സോന വില്ല,979 ശ്രീമതി സുനിത, മണലേൽ,980 ശ്രീ. കെ. ബി. പൊന്നച്ചൻ, ഉഴത്തിൽ,981ശ്രീ. വി. എസ്. സ്കറിയ, ഉഴത്തിൽ,982ശ്രീ. തോമസ് മാത്യു, ചിറമേൽ സീയോൻ മൗണ്ട്,983ശ്രീ. സി. എ. ജോർജ്ജ്, ജയ് വില്ല,984ഡോ. ജോൺസൺ, ലോട്ടസ് മാളിയേക്കൽ,985 ശ്രീ. എം. എസ്. മത്തായി, മേലേപാണ്ടിയിൽ സാം വില്ല,986 ശ്രീ. റ്റി. ജെ. മാത്യു, ഡാണാംപടിക്കൽ,987ശ്രീ. ഇമ്മാനുവേൽ, റോബിൻ വില്ല,988ശ്രീ. ജോൺ വർഗ്ഗീസ്, മേലേപാണ്ടിയിൽ,989ശ്രീമതി സൂസമ്മ ജോർജ്ജ്, ചാമക്കാലായിൽ,990ശ്രീ. വി. ജെ. ചാക്കോ, വെള്ളൂരുഴത്തിൽ,991ശ്രീ. ജയിംസ് മണലേൽ,992ശ്രീ. ഏബ്രഹാം ജോർജ്ജ്, മുളമൂട്ടിൽ ലിജോ വില്ല,993ശ്രീ. ജോസഫ് സി. എ., കരുവേലിൽ,994ശ്രീമതി അമ്മിണി ജോർജ്ജ്, 995ശ്രീ. ജിജോ, പുലിക്കോട്ടിൽ,996ശ്രീ. സ്കറിയ, ഇടമനത്ത് കാവിൽ,997പ്രൊഫ. സി. കെ.ജോർജ്ജ്, ചാമക്കാലായിൽ,998ശ്രീ. എം. ജി. തോമസ്, മേലേപാണ്ടിയിൽ,999ശ്രീ. ജോർജ്ജ് ചാക്കോ, അക്കല്ലൂർ പടിഞ്ഞാറ്റേതിൽ,1000 ശ്രീ. സാബു ചാണ്ടി, വട്ടപ്പള്ളിൽ,1001ശ്രീ. തോമസ് ജോൺ, ഉഴത്തിൽ, 1002ശ്രീ. എം. കെ. കോശി, മാന്താനത്ത്,1003ശ്രീ. എം. എസ്. വർക്കി, മേലേപാണ്ടിയിൽ,1004ശ്രീമതി ജയ സാബു ഉമ്മൻ, ഷാജി വില്ല,1005ശ്രീമതി ജൂലിയറ്റ് തോമസ്, കാവിലേ വീട്ടിൽ,1006ശ്രീമതി കുഞ്ഞൂഞ്ഞമ്മ സ്ക്കറിയ, ഉഴത്തിൽ,1007ശ്രീ. ജയ്സൺ ഡോൺ, മണലേൽ,1008ശ്രീമതി ഏലിയാമ്മ യോഹന്നാൻ, ഉഴത്തിൽ,1009ശ്രീ. ജോസഫ് തോമസ്, ഉഴത്തിൽ,1010ശ്രീ. ജോർജ്ജ് തോമസ്, മേലേപാണ്ടിയിൽ

ഉമയാറ്റുകര സെന്റ് തോമസ് 21 10 2012

1011ശ്രീ. വർഗ്ഗീസ് മത്തായി, പൗവ്വത്തിൽ,1012ശ്രീ. പി. എം. വർഗ്ഗീസ്, വാണിപുരയ്ക്കൽ,1013ശ്രീ. റോജിൻ കെ. എ. കളീക്കൽ കടവിൽ,1014ശ്രീമതി തങ്കമ്മ തോമസ്, ചരിവുപറമ്പിൽ,1015 ശ്രീ. റ്റി.സി. വർഗ്ഗീസ്, മണലേത്ത് ,1016ശ്രീ. വി. ജോൺ, കളംകൊള്ളിൽ,1017 ശ്രീ. അനിയൻ, ഐക്കിരേത്ത്,1018ശ്രീ. കെ. വി. സ്കറിയ, കളംകൊള്ളിൽ,1019 ശ്രീ. കെ. ഇ. വർഗ്ഗീസ്, പൂവത്തിനാൽ1020ശ്രീ. വർഗ്ഗീസ് ബേബി, വാലിൽ ,1021ശ്രീ. വി. ജെ. അച്ചൻകുഞ്ഞ്, വാനോലി മലയിൽ,1022ശ്രീ. സണ്ണി തോമസ്, കീക്കാട്ടിൽ,1023 ശ്രീ. മാത്യു വർഗ്ഗീസ്, മണലേത്ത് തട്ടുനിൽ,1024ശ്രീ. പി . ജി. മത്തായി, പുന്നനിൽക്കുന്നതിൽ,1025 ശ്രീ. വർഗ്ഗീസ്, പള്ളത്തുശ്ശേരിൽ,1026 ശ്രീ. വി. എം. തോമസ്, വാലിയിൽ,1027 ശ്രീ. ജോൺ, താന്നിശ്ശേരിൽ,1028 ശ്രീ. തോമസ് റ്റി. മാമ്മൂട്ടിൽ1029 ശ്രീ. തോമസ് ചാക്കോ, തോട്ടത്തിൽ ഗ്രേസ് ലാന്റ് ,1030 ശ്രീ. എം. വി. ചാണ്ടി, മണലേൽ തോട്ടത്തിൽ,1031.ശ്രീ. വി. എം. സ്ക്കറിയ, വേലത്താൻഉഴത്തിൽ,1032 ശ്രീ. ജോൺ മാത്യു, വേലത്താൻ ഉഴത്തിൽ,1034ശ്രീമതി. റ്റാനിയ വിക്ടർ, കടക്കിലേത്ത്,1035ശ്രീ. എൻ. കെ. ജേക്കബ്, വെണ്ണുവള്ളിൽ ജിസൺ വില്ല ,1036ശ്രീ. വർഗ്ഗീസ് സഖറിയാ, മാങ്കൂട്ടത്തിൽ ഹിൽവ്യൂ,1037ശ്രീ. പി. വി. ഏബ്രഹാം, പ്ലാമൂട്ടിൽ,1038ശ്രീ. സാബു വർഗ്ഗീസ്, മാങ്കൂട്ടത്തിൽ,1039ശ്രീ. പി. ഒ. വർഗ്ഗീസ്, പിക്കാഡിലി,1040ശ്രീ. സജി പാറപ്പുറം,1041ശ്രീ. ബൈജു സ്ക്കറിയ, മണലേത്ത്,1042ശ്രീ. ഷാജി ചുമ്മാർ, പുലിപ്രേത്ത്,1043ശ്രീ. സാബു വർഗ്ഗീസ്, പിക്കായിൽ പീടികയിൽ,1044ശ്രീ. ഫിലിപ്പോസ്, പാലനിൽക്കുന്നതിൽ,1045ശ്രീ. ജോബിൻ കെ. ചാക്കോ, കിണറ്റുകാലായിൽ ,1046ശ്രീമതി മേരിക്കുട്ടി തോമസ്, കെണവോലിൽ,1047ശ്രീ. ഏബ്രഹാം ചാക്കോ, കിണറ്റുകാലായിൽ1048ശ്രീ. സ്ക്കറിയാ ജോർജ്ജ്, തെക്കേടത്ത്1049ശ്രീമതി ഏലിയാമ്മ മത്തായി, വേലത്താൻ ഉഴത്തിൽ1050ശ്രീ. പി. എസ്. ചെറിയാൻ, പുന്നേക്കാട്ട് ഹോം1051ശ്രീ. കെ. വി. ജോർജ്ജ്, കടക്കിലേത്ത്1052ശ്രീ. കെ. വി. തോമസ്, കളംകൊള്ളിൽ,1053ശ്രീ. തോമസ് ഏബ്രഹാം, പൗവ്വത്തിൽ ജയ് വില്ല,1054ശ്രീ. ആമോസ് എസ്. വർഗ്ഗീസ്, ഐക്കരേത്ത് തോംസ് വില്ല,1055ശ്രീ. ഉമ്മൻ വി. എം. , വേലത്താനുഴത്തിൽ,1056ശ്രീ. കെ. വി. തോമസ്, കടക്കിലേത്ത്,1057ശ്രീ. റജി തോമസ്, വേലത്താൻ ഉഴത്തിൽ,1058ശ്രീ. കെ. വി. കുര്യാക്കോസ്, കടക്കിലേത്ത്,1059ശ്രീ. പി. എസ്. തോമസ്, പുന്നക്കാട്ട്,1060ശ്രീ. ജോൺ പി. വി., പ്ലാമൂട്ടിൽ,1061ശ്രീ. കെ. ഒ. ഉമ്മൻ, കളത്തൂർ കുന്നത്ത് ,1062ശ്രീ. ഏബ്രഹാം വർഗ്ഗീസ്,, മാങ്കൂട്ടത്തിൽ,1063ശ്രീ. ഗീവർഗ്ഗീസ് ജോർജ്ജ്, തോട്ടത്തിൻ ചെല്ലത്ത് ,1064ശ്രീ. എബി ജോസഫ്, കടക്കിലേത്ത് ഇടവനക്കാട്ടിൽ,1065ശ്രീ. എ. ജി. ജോസഫ്, ഇടവനക്കാട്ടിൽ,1066ശ്രീമതി കുഞ്ഞൂഞ്ഞമ്മ വർഗ്ഗീസ്, വേലത്താനുഴത്തിൽ,1067ശ്രീ. ജോൺ സെബാസ്റ്റ്യൻ, കിണറ്റുകാലായിൽ,1068ശ്രീ. റ്റി. എം. ജോർജ്ജ്, തെക്കേടത്ത്1069ശ്രീ. വർഗ്ഗീസ് ഏബ്രഹാം, തെക്കേടത്ത്,1070ശ്രീ. പി. എ. തോമസ്, പൗവ്വത്തിൽ,1071ശ്രീ. എൻ. സി. ചാണ്ടി, നെടുവക്കാട്ട്,1072ശ്രീ. പി. എ. ഏബ്രഹാം, പ്ലാങ്കൂട്ടത്തിൽ

അറത്തിൽ സെന്റ് ജോർജ്ജ് 04.11.2012

1073ശ്രീമതി ആശാ ജോർജ്ജ്, ഷാരോൺസ് ഇടത്തറ തെക്കേതിൽ,1074ശ്രീ. കുഞ്ഞുമോൻ, ലിജി ഭവൻ,1075ശ്രീ. ഏബ്രഹാം മത്തായി, നെടുങ്കോട്ട് ,1076ശ്രീ. പി. പി. ജോർജ്ജ്, അമ്പിളി ഭവൻ,1077ശ്രീ. പി. ജി. ബാബു, പനയ്ക്കൽ,1078ശ്രീ. സാമുവേൽ, കരിങ്ങാട്ടിൽ,1079ശ്രീമതി കുഞ്ഞമ്മ ജോർജ്ജ്, വടക്കേതലയിൽ,1080ശ്രീ. ജോൺ മാത്യു, കരിങ്ങാട്ടിൽ ബ്രിജേഷ് വില്ല,1081ശ്രീമതി തങ്കമ്മ ബാബു, 1082ശ്രീ.പി. വൈ. തങ്കച്ചൻ, വാലുപനയ്ക്കൽ,1083ശ്രീ. കെ. ഒ. ജോർജ്ജ്, കുമ്പിളേത്ത്,1084 ശ്രീ. വർഗ്ഗീസ്, കൊന്നക്കപൊയ്കയിൽ,1085ശ്രീ. ജോർജ്ജ് വർഗ്ഗീസ്, വാളക്കോട്ടിൽ,1086ശ്രീമതി ഏലിയാമ്മ രാജൻ, രാജു ഭവൻ, പൂവണ്ണത്തടത്തിൽ,1087ശ്രീ. സജി ദാനിയേൽ, സജി വില്ല,1088ശ്രീ. അജോ, പുതിയവീട്ടിൽ,1089ശ്രീമതി അമ്മിണി ജോയി, പുത്തൻവിളയിൽ,1090ശ്രീമതി ഏലിയാമ്മ കുഞ്ഞുമോൻ, കുന്നേത്ത് റോജി ഭവൻ,1091ശ്രീ. തങ്കച്ചൻ, പുത്തൻവിളയിൽ,1092ശ്രീ. രാജു, പുത്തൻവിളയിൽ,1093ശ്രീമതി മേരി വർഗ്ഗീസ്, ചിറവരമ്പിൽ,1094ശ്രീമതി മറിയാമ്മ വർഗ്ഗീസ്, വാളക്കോട്ട്,1095ശ്രീ. റ്റി. കെ. വർഗ്ഗീസ്, തകിടിയിൽ1096ശ്രീ. ഷാജി, കാക്കനാട്ടിൽ,1097ശ്രീ. റ്റി. സി. ജോൺ, 1098ശ്രീ. രാജൻ മാത്യു, 1099ശ്രീ. പി. സി. ജോൺ, പുറന്തടയിൽ ,1100ശ്രീ. സഖറിയാ, കാക്കനാട്ടിൽ തുണ്ടിൽ,1101ശ്രീ. പി. കെ. ജോളി, വലിയപനയ്ക്കൽ,1102ശ്രീ. ജോജി, മീനത്തേതിൽ,1103ശ്രീ.

വർഗ്ഗീസ് ജോൺ, പുത്തൻപുരയ്ക്കൽ,1104ശ്രീ. കുഞ്ഞൂട്ടി എൻ. എം., നെടുങ്ങോട്ട്താഴെ,1105ശ്രീ. ബാബു, ബോബി ഭവൻ,1106ശ്രീമതി ജയ പി. ബെന്നി, പുതിയവീട്ടിൽ ജാക് പാർക്ക്,1107ശ്രീമതി ലൗലി റോയി, കരിപ്പൂർ,1108ശ്രീ. സാമുവേൽ കോശി, ശാലേം ഭവൻ,1109ശ്രീ. ഗീവർഗ്ഗീസ് ജോൺ, എടത്തറ തെക്കേതിൽ ഷാരോൺസ്,1110ശ്രീ. വിൽസൺ കെ. വി., തറയിൽ,1111ശ്രീ. ബേബി, വേലൻതുണ്ടിയിൽ,1112ശ്രീ. കുഞ്ഞുകുട്ടി, ഇടശ്ശേരിൽ,1113ശ്രീ. സാമുവേൽ, പീസ് ലാന്റ്,1114ശ്രീ. എ. ഡി. രാജൻ, ചെറുമല ജെറിൻ ഭവൻ,1115 ശ്രീ. പൊന്നച്ചൻ, മുല്ലയ്ക്കവെട്ടത്ത്,1116 ശ്രീ. എം. വി. ജോയ്, മേലത്തേതിൽ,1117ശ്രീ. കെ. ജി. രാജൻ, കോയാട്ട് തെക്കേതിൽ,1118ശ്രീ. പി. ഡി. ബേബി, ചെറുവള്ളിൽ പുത്തൻവീട്,1119ശ്രീ. ബിജു, നെടുങ്ങോട്ട് വടക്കേതിൽ,1120ശ്രീ. ബിജു ബേബി, നെടുങ്ങോട്ട് താഴെപ്പുര,1121ശ്രീ. ജോൺസൺ, കുമ്പിളിൽ,1122ശ്രീ. ബേബി യോഹന്നാൻ, തോട്ടത്തുശ്ശേരിൽ,1123ശ്രീ. ജോൺ, അത്തിപ്പറമ്പിൽ,1124ശ്രീ. കെ. റ്റി. രാജൻ, കരിങ്ങാട്ടിൽ,1125ശ്രീ. ബാബു തോമസ്, ചക്കാലക്കുഴിയിൽ,1126ശ്രീ. പി. സി. പാപ്പച്ചൻ, പൂവണ്ണമോടിയിൽ,1127ശ്രീ. എം. ഐ. ജോൺ, ജിജു വില്ല,1128ശ്രീമതി മേരി വർഗ്ഗീസ്, ബിനു വില്ല,1129ശ്രീ. ജിബോയ്, എടത്തറയിൽ ,1130ശ്രീ. ജോൺസൺ, പമ്പൂർ,1131ശ്രീമതി ഏലിയാമ്മ, പരുവനിൽക്കുന്നതിൽ,1132ശ്രീ. വിൽസൺ, നാലുതുണ്ടത്തിൽ,1133ശ്രീ. ജോസഫ് ജോർജ്ജ്, നെടിയമണ്ണിൽ ജെബിൻ വില്ല,1134ശ്രീ. ഡോണി വർഗ്ഗീസ്, മണ്ണിപ്പറമ്പിൽ,1135ശ്രീ. ചെറിയാൻ വർഗ്ഗീസ്, ആക്കനാട്ട് തുണ്ടിൽ,1136ശ്രീ. ഇ. ജി. ജോയ്, എടത്തുണ്ടിൽ,1137ശ്രീ. ജോജി, വെട്ടക്കുലത്ത് ജോയ് വില്ല,1138ശ്രീ. രാജു, പുത്തൻവിളയിൽ,1139ശ്രീ. രാജു മാത്യു, പറങ്കാമൂട്ടിൽ,1140ശ്രീ. സിബിൻ കെ. നിക്സൺ, പടിഞ്ഞാറേ കളീക്കൽ,1141ശ്രീ. മാത്യു, ലിൻസ് വില്ല, പറങ്കാമൂട്ടിൽ,1142ശ്രീ. ജിനു രാജൻ, മണ്ണിൽ പുത്തൻവീട്,1143ശ്രീ. റോബിൻസൺ, വാലുതുണ്ടിൽ

നെല്ലിക്കൽ സെന്റ് മേരീസ് 11.11.2012

1144 ശ്രീ. പി. വി. വർഗ്ഗീസ്, പുലിപ്രേത്ത് ,1145ശ്രീ. ജോർജ്ജ് വർഗ്ഗീസ്, കിഴക്കേടത്ത്,1146ശ്രീ. വി. വർഗ്ഗീസ്, പുലിപ്രേത്ത്,1147ശ്രീമതി മേരിക്കുട്ടി, കിഴക്കേടത്ത്,1148ശ്രീ. കെ. മാത്യു, പുലിപ്രേത്ത്തെക്കേതിൽ,1149ശ്രീ. ജോർജ്ജ് വർഗ്ഗീസ്, കുറ്റിയിൽ മാമ്മൂട്ടിൽ,1150ശ്രീ. തോമസ് കെ. സി., 1151ശ്രീ. പി. വി. മാത്യു, പ്ലാമൂട്ടിൽ,1152 ശ്രീ. ഏബ്രഹാം, കരിങ്ങാഴകുന്നേൽ,1153ശ്രീ. അലക്സ് ജോർജ്ജ്, മംഗലപുരത്ത്,1154ശ്രീ. വർഗ്ഗീസ് ജേക്കബ്, കോലടത്ത്,1155ശ്രീ. ബാബു മാത്യു, കോലടത്ത് ശങ്കരമംഗലം,1156ശ്രീ. എം. സി. ജോർജ്ജ്, മംഗലാപുരം,1157ശ്രീ. കെ. റെജി തോമസ്, കാണിക്കുളത്ത്റെജിവില്ല,1158ശ്രീ. പി. വി. ജോസഫ്, പുലിപ്രേത്ത്,1159ശ്രീമതി സുമ മാത്യു, പാലമൂട്ടിൽ,1160ശ്രീ. പി. സി. വർഗ്ഗീസ്, പേങ്ങാട്ട്,1161 ശ്രീ. ജേക്കബ് തോമസ്, തെക്കേകൊട്ടാരത്തിൽ,1162ശ്രീ. എ. വി. വർഗ്ഗീസ്, ഐക്കരകിഴക്കേതിൽ,1163ശ്രീമതി അമ്മുക്കുട്ടി ജോർജ്ജ്, പുലിപ്രേത്ത് തെക്കേതിൽ,1164ശ്രീമതി അന്നമ്മ ചെറിയാൻ, ചുങ്കത്തിൽ കുറ്റിക്കാട്ടിൽ,1165ശ്രീ. വി. എം. ഈപ്പൻ, പേങ്ങാട്ട്,1166ശ്രീ. ജോർജ്ജ് മാത്യു, പേങ്ങാട്ട്

യോർദ്ദാൻപുരം മാർ ഗ്രീഗോറിയോസ് 02.12.2012

1167ശ്രീ. റോയ് എം. ജോൺ, ഇലഞ്ഞിമണ്ണിൽ,1168ശ്രീ. തോമസ് തോമസ്, തലയിണക്കണ്ടത്തിൽ,1169ശ്രീ. പി. വി. വർഗ്ഗീസ്, പ്ലാമൂട്ടിൽ കടവിൽ പുത്തൻവീട്,1170 ശ്രീ. സണ്ണി ഏബ്രഹാം, വയലിപുരേത്ത്,1171ശ്രീ. തമ്പാൻ, നീർവാളക്കുഴിയിൽ,1172ശ്രീ. എസ്. ഡേവിഡ്, പ്ലാമൂട്ടിൽ,1173ശ്രീ. ബിജു നൈനാൻ, മുണ്ടോലിൽ,1174ശ്രീമതി മറിയാമ്മ വർഗ്ഗീസ്, പ്ലാമൂട്ടിൽ കടവിൽ,1175ശ്രീ. എം. വി. ജോൺ, മണക്കണ്ടത്തിൽ,1176ശ്രീ. എം. സി. ചെറിയാൻ, വയലിപ്പുരേത്ത്,1177ശ്രീ. ജോസഫ് മത്തായി, പ്ലാത്തറ മിബിൻ വില്ല,1178ശ്രീ. സാബു, ചെഞ്ചിട്ടത്തുണ്ടിയിൽ,1179ശ്രീ. പി. വി. ഏബ്രഹാം, പീസ് കോട്ടേജ്,1180 ശ്രീ. അനു എ. ജി., ആമച്ചാത്രയിൽ ,1181ശ്രീ.വർഗ്ഗീസ് പത്രോസ്, ചെഞ്ചിട്ടത്തുണ്ടിയിൽ,1182ശ്രീമതി തങ്കമ്മ കുര്യൻ, ആനന്താനത്ത്,1183ശ്രീ. ജോബി സ്ക്കറിയ, ആനന്താനത്ത്,1184 ശ്രീ. പോൾ റ്റി. മാത്യു, തോണ്ടുകുഴിയിൽ,1185 ശ്രീ. എം. ജി. കോശി, മണക്കണ്ടത്തിൽ,1186ശ്രീ. ജോൺ സാമുവേൽ, പന്നുവിഴേത്ത്,1187ശ്രീ. പി. കെ. വർഗ്ഗീസ്, പ്ലാമൂട്ടിൽ തകിടിയിൽ,1188ശ്രീ. സാമുവേൽ വർഗ്ഗീസ്, പ്ലാത്തറ പുത്തൻവീട്,1189ശ്രീ. ജേക്കബ് ജോൺ, അമ്പീത്തറയിൽ,1190ശ്രീ. റ്റി. പി. മത്തായി, തോണ്ടുകുഴിയിൽ,1191ശ്രീ. സുനിൽ ജോർജ്ജ്, വയലിപ്പുരേത്ത്,1192 ശ്രീ. പാപ്പൻ ദാനിയേൽ, പൂമുറ്റത്തിൽ,1193ശ്രീ. ഇ. എം. വർഗ്ഗീസ്, ഇലഞ്ഞിമണ്ണിൽ,1194 ശ്രീ.ജോയ് തോമസ്, തലയിണക്കണ്ടത്തിൽ,1195ശ്രീമതി കുഞ്ഞുമോൾ തോമസ്, തലയിണക്കണ്ടത്തിൽ,1196ശ്രീ. റ്റി. പി. മത്തായി, തോണ്ടുകുഴിയിൽ,1197ശ്രീമതി തങ്കമ്മ മത്തായി, പള്ളത്ത്,1198ശ്രീമതി ചിന്നമ്മ ജോയ്, അരണക്കാട്ടിൽ,1199 ശ്രീമതി മറിയാമ്മ ദാനിയേൽ, പള്ളത്ത്,1200ശ്രീ. റജി എം. ജോൺ, ഇലഞ്ഞിമണ്ണിൽ,1201ശ്രീ. കെ. എം. ചാക്കോ, കണ്ടത്തിൽ ചിറയിൽ,1202ശ്രീ. എം. സി. മാത്യു, വയലിപ്പുരേത്ത്,1203ശ്രീമതി മറിയാമ്മ തോമസ്, തുണ്ടിയേത്ത്,1204ശ്രീ. കുഞ്ഞുമോൻ, ഒറ്റത്തെങ്ങിൽ,1205ശ്രീ. എം. വി. ജോൺ, മണക്കണ്ടത്തിൽ,1206ശ്രീ. വി. സി. ജോസഫ്, വാലുപറമ്പിൽ,1207ശ്രീമതി ശോശാമ്മ ജോർജ്ജ്, പയറ്റിത്തറ തുണ്ടിയിൽ,1208ശ്രീ. പി. ജെ. ജോസഫ്, മണപ്പുറത്ത് തുണ്ടിയിൽ,1209 ശ്രീ. കെ. ഒ. വർഗ്ഗീസ്, ആലത്തിൽ,1210ശ്രീ. എം. സി. തോമസ്, മണക്കണ്ടത്തിൽ.

കുട്ടികളുടെ വളർച്ച തടയുന്ന സംസ്ക്കാരം ആപത്ത്

കൊഴുവല്ലൂർ :- ആധുനിക ലോകത്തെ കുട്ടികളുടെ വളർച്ച തടയുന്ന തരത്തിലുള്ള സംസ്ക്കാരം ആപത്താണെന്ന് കേന്ദ്ര മന്ത്രി കൊടിക്കുന്നിൽ സുരേഷ്. ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസന ബാലസമാജം സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അഖില മലങ്കര ബാലസമാജം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ., റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ, റവ. ഫാ. സാം ജോർജ്ജ്, റവ. ഫാ. മത്തായി കുന്നിൽ, റവ. ഫാ. രാജൻ വർഗ്ഗീസ്, റവ. ഫാ. യൂഹാനോൻ ജോൺ, റവ. ഫാ. ഗീവർഗ്ഗീസ് ശാമുവേൽ, ശ്രീ. ബൈജു കെ. മാത്യു, ശ്രീ. അനു തോമസ്, ശ്രീ. സുജിൻ പി. മാപ്പിള എന്നിവർ പ്രസംഗിച്ചു.

ഭദ്രാസന വാർത്തകൾ

കൃപയുടെ കാലഘട്ടമായി ഒരു പുതുവത്സരത്തെ നാം വരവേറ്റിരിക്കുന്നു. കർത്താവിന്റെ ചേലാകർമ്മം പ. ബസ്സേലിയോസ് ഗ്രീഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മ, ആണ്ടാരംഭം ഇവ ആരാധനയോടെ പുതുവത്സര ദിനം നാം ആചരിച്ചു.

2012 ഡിസംബർ മാസം 15-ാം തീയതി അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസന പൊതുയോഗം തിരഞ്ഞെടുത്ത്, അഭി. തിരുമനസ്സിന്റെ കൽപ്പനയിലൂടെ നിയോഗിച്ച 2012-17 വർഷത്തേക്കുള്ള പുതിയ ഭദ്രാസന കൗൺസിൽ 16 ന് ചുമതലയേറ്റു പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ ഘട്ടത്തിൽ അനുഗ്രഹീതമായി ചുമതല നിർവ്വഹിച്ച ഭദ്രാസന സെക്രട്ടറി ബഹു. മാത്യു വർഗ്ഗീസ് അച്ചനോടും, കൗൺസിൽ അംഗങ്ങളോടും നന്ദി പ്രകാശിപ്പിക്കുന്നു.

2013 ജനുവരി 6 ന് ഞായറാഴ്ച ദനഹാ അഥവാ ഉദയത്തിന്റെ പെരുന്നാൾ എല്ലാ ഇടവകകളിലും ആചരിച്ചു. അന്നേ ദിവസം എല്ലാ പള്ളികളിലും ഭദ്രാസന ദിനം സമുചിതമായി ആഘോഷിച്ചു. മെത്രാസനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഭാമക്കളുടെ നിർലോഭമായ പങ്കുവർപിരിവിലൂടെ ഉണ്ടാകണം.

അഖില മലങ്കര മർത്തമറിയം സമാജം കേന്ദ്ര പരീക്ഷയുടെ ഫലം എല്ലാ യൂണിറ്റുകളിലും എത്തിച്ചിട്ടുണ്ട്. പരീക്ഷയിൽ വിജയികളായ ഏവരേയും അനുമോദിക്കുന്നു. അഖില മലങ്കര മർത്തമറിയം സമാജം നേതൃത്വ പരിശീലന ക്യാമ്പ് ജനുവരി 18, 19 തീയതികളിൽ നമ്മുടെ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആറ്റുവാ സെന്റ് ബർസൗമ്മ പള്ളിയിൽ നടത്തപ്പെടുന്നു. ഈ മാസം 19 ന് ശനിയാഴ്ച ഭദ്രാസന സണ്ടേസ്കൂൾ പ്രഥമാദ്ധ്യാപകരുടെ അർദ്ധദിന സമ്മേളനം ബഥേൽ അരമനയിൽ ക്രമീകരിച്ചിട്ടുണ്ട്. അനുതാപത്തിന്റെ നിനുവാ നോമ്പ് നിഷ്ടയോടും ഭക്തിയോടും നമുക്ക് ആചരിക്കാം.

ആറാമത് ഭദ്രാസന കൺവൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികളുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. **"ക്രൈസ്തവസാക്ഷ്യം ആരാധനയിലൂടെ"** (വി. മത്തായി 17:4) എന്നതാണ് മുഖ്യചിന്താവിഷയം. ഫെബ്രുവരി 13-16 തീയതികളിൽ അരമന അങ്കണത്തിൽ പ്രത്യേകമായി സജ്ജീകൃതമാകുന്ന വചനശുശ്രൂഷ വേദികൾ അർത്ഥപൂർണ്ണമായ തിരുവചന സ്വീകരണത്തിന് ഉപയുക്തമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 16 നു വി. കുർബ്ബാനയെ തുടർന്ന് സണ്ടേസ്ക്കൂൾ കുട്ടികൾക്കായി ഒരുക്കുന്ന പരിശീലന കളരിയിൽ നമ്മുടെ മുഴുവൻ സണ്ടേസ്കൂൾ വിദ്ധ്യാർത്ഥികളേയും പങ്കെടുപ്പിക്കുന്നതിന് എല്ലാ മാതാപിതാക്കളും അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കണം.

ബലഹീനതയിലും തികഞ്ഞു വരുന്ന സർവ്വശക്തന്റെ അമിത ബലത്തിനായി പ്രാർത്ഥിക്കുന്നു. അഭിവന്ദ്യ തിരുമേനിയോടു ചേർന്ന് നിന്ന് അനുഗ്രഹകരമായി പ്രവർത്തിക്കുവാൻ ബഹു. വൈദീകരുടെയും സുവിശേഷ പ്രവർത്തകരുടെയും, വിശ്വാസ സമൂഹത്തിന്റെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം കർത്തൃശുശ്രൂഷയിൽ
ഫാ. തോമസ് കൊക്കാപറമ്പിൽ
ഭദ്രാസന സെക്രട്ടറി

ശിലാസ്ഥാപനകർമ്മം നിർവഹിച്ചു

പുനർ നിർമ്മിക്കുന്ന ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിക്കുവേണ്ടി ഇടവകയിലെ എം.പി.എം. യുവജനപ്രസ്ഥാനം നിർമ്മിച്ചു നൽകുന്ന കൽവിളക്കിന്റെ ശിലാസ്ഥാപനകർമ്മം 06-01-2013 ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം പ്രസ്ഥാന പ്രസിഡന്റ് തോമസ് പി. നൈനാൻ അച്ചനും പ്രസ്ഥാനം വൈസ് പ്രസിഡന്റ് ശ്രീ. ടോജോ ജോസഫും ചേർന്ന് നിർവ്വഹിച്ചു.

കൊടിയേറ്റ്

മാരാമൺ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ വി. ദൈവമാതാവിന്റെ പെരുന്നാളിനോടനുബന്ധിച്ച് ജനുവരി 13 ഞായറാഴ്ച വികാരി റവ. ഫാ. വൈ. തോമസ് കൊടിയേറ്റി.

വാർഷികം

കുട്ടമ്പേരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ വിദേശ സംഘടനയായ M.C.M.I.F ന്റെ 5-ാമത് വാർഷികം ഇടവക പള്ളിയിൽ വെച്ച് ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ ഉത്ഘാടനം ചെയ്യുന്നു. വികാരി ഫാ. കെ. ഒ. തോമസ് അദ്ധ്യക്ഷത വഹിച്ചു യോഗത്തിൽ M.C.M.I.F ന്റെ Global President ശ്രീ. നൈനാൻ മാത്യുസ് ആശംസകൾ അർപ്പിച്ചു.

ആംബുലൻസ് സർവ്വീസ്

UAEൽ പ്രവർത്തിക്കുന്ന മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസ്സോസിയേഷൻ MARPFA ചെങ്ങന്നൂർ ഭദ്രാസനത്തിനു നൽകിയ ആംബുലൻസ് പ്രവർത്തന സജ്ജമായിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് :
0479-2451331, 9744400820

അനുമോദനങ്ങൾ

ഭദ്രാസന തല സണ്ടേസ്കൂൾ സഹപാഠ്യമത്സരത്തിൽ സിംഗിൾ സോങ്ങിന് 1-ാം സ്ഥാനം ലഭിച്ച അങ്കുഷ് അനി തോമസ്. ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം മാമ്പള്ളിൽ അനിയൻ തോമസിന്റെയും ജോയ്സ് അനിയന്റെയും മകൻ.

സണ്ടേസ്കൂൾ സഹപാഠ്യമത്സരങ്ങളിൽ ഡിസ്ട്രിക്ട് തലത്തിലും ഭദ്രാസനതലത്തിനും ജൂനിയർ വിഭാഗം പ്രസംഗത്തിന് ഒന്നാം സ്ഥാനവും ബാലസമാജം കലാമത്സരങ്ങളിൽ ഡിസ്ട്രിക്ട് തലത്തിൽ ജൂനിയർ വിഭാഗം പ്രസംഗത്തിനും സംഗീതത്തിനും ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ ബഥേൽ എം.ജി.എം. സണ്ടേസ്കൂൾ വിദ്യാർത്ഥി ആയ നവീൻ പ്രിൻസ് തോമസ്.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര കലാമത്സരത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം ശ്രീ. പ്രവീൺ മാത്യു എം.ജി.എം. തോട്ടപ്പുഴ, കഥാരചന മത്സരത്തിൽ ഒന്നാം സ്ഥാനം കുമാരി ഫേബാ സെന്റ് മേരീസ് ഇടനാട് ഏവർക്കും അഭിനന്ദനങ്ങൾ.

ആലപ്പുഴ ജില്ലാ സ്കൂൾ കലോത്സവത്തിൽ ഹൈസ്ക്കൂൾ വിഭാഗം വയലിനിൽ (പാശ്ചാത്യം) ഒന്നാം സ്ഥാനവും 'എ' ഗ്രേഡും നേടിയ ജോവേൽ വർഗീസ് ജോസ് കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകാംഗം ഫാ. ജോസ് തോമസിന്റെയും കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് പബ്ലിക് സ്കൂൾ & ജൂനിയർ കോളജ് പ്രിൻസിപ്പാൾ ശ്രീമതി ശോശാമ്മ മാത്യുവിന്റെയും മകനാണ്

പി.എച്ച്.ഡി. ലഭിച്ചു

ലോകപ്രശസ്ത ചിന്തകനും എഴുത്തുകാരനും ദൈവശാസ്ത്രജ്ഞനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന മനുഷ്യനും -പ്രകൃതിയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി വി. കുർബ്ബാനയേയും പരിസ്ഥിതിയേയും ബന്ധിച്ചുള്ള ദൈവശാസ്ത്ര നിരൂപണത്തിന് വെരി. റവ. ഇലവക്കാട് ഗീവർഗ്ഗീസ് റമ്പാച്ചന് പി.എച്ച്.ഡി. ലഭിച്ചു. ഡൽഹി, രാജസ്ഥാൻ, ഷാർജ, ഇംഗ്ലണ്ട് എന്നീ ഇടവകകളിലായി 18 വർഷത്തിലധികം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഭദ്രാസനത്തിലും മാവേലിക്കര എം.എസ്. സെമിനാരി, പരുമല സെമിനാരി എന്നിവടങ്ങളിലുമായി ഏകദേശം 11 വർഷത്തോളം സേവനമനുഷ്ഠിച്ചിട്ടുണ്ട്. യു.എ.ഇ. ൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചു. സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്ര വിഷയത്തിന് ജോർജ്ജ് ഹോവത്സ് അവാർഡ് (1983 -ൽ) കരസ്ഥമാക്കി. ഇപ്പോൾ യു.കെ., യൂറോപ്പ്, ആഫ്രിക്ക ഭദ്രാസനത്തിന്റെ പ്രാദേശിക ആസ്ഥാനമായി വെണ്മണിയിൽ പ്രവർത്തിക്കുന്ന മെനോറാ ഓർത്തഡോക്സ് സെന്ററിന്റെ മാനേജരായി സേവനമനുഷ്ഠിക്കുന്നു. കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ ഇടവകയിൽ ഇലവക്കാട്ട് കുടുംബാംഗമാണ് റമ്പാച്ചൻ.

സ്ത്രീകളുടെ അന്തസ്സ് ഹനിക്കപ്പെടരുത്

കൊഴുവല്ലൂർ :- സമീപകാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാവുന്ന അതിക്രമങ്ങൾ ആശങ്കയുളവാക്കുന്നുവെന്നും സ്ത്രീയുടെ അന്തസ്സും വ്യക്തിത്വവും സംരക്ഷിക്കപ്പെടണമെന്നും ഓർത്തഡോക്സ് സഭാ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് കൊഴുവല്ലൂർ സെന്റ് ജോർജ്ജ് സീനിയർ സെക്കണ്ടറി സ്കൂളിൽ നടന്ന ഭദ്രാസന ബാലസമാജം ക്യാമ്പിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ജീവിതത്തിന് അർത്ഥവും വ്യാപ്തിയും നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ മാത്രമേ സമൂഹത്തിലെ ഇത്തരം പ്രശ്നങ്ങളെ ഇല്ലായ്മ ചെയ്യാൻ സാധിക്കൂ. ഇന്ന് കുട്ടികൾ പാഠങ്ങൾ മാത്രമേ പഠിക്കുന്നുള്ളൂ. ഗുണപാഠങ്ങൾ പഠിക്കുന്നില്ല. ഗുരുക്കന്മാരെയും സ്ത്രീകളെയും ആദരിക്കുവാൻ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും കുട്ടികളെ പരിശീലിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഫാ. ഗീവറുഗീസ് ശാമുവേൽ അദ്ധ്യക്ഷത വഹിച്ചു. മായാ സൂസൻ ജേക്കബ് കൗൺസലിംഗ് ക്ലാസ് നയിച്ചു.

ജൂബിലി ആഘോഷങ്ങൾ സമൂഹത്തിന് നന്മ നൽകുന്നതാകണം

കാതോലിക്കാ ബാവാ

പന്തളം : സമൂഹത്തിന് നന്മകൾ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായിരിക്കണം ജൂബിലി ആഘോഷങ്ങൾ എന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക ത്രിതീയ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇതിനായി സമൂഹത്തിന്റെ സമസന്തുലിതാവസ്ഥ ഊട്ടിയുറപ്പിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം. എങ്കിൽ മാത്രമേ ഉള്ളവനും ഇല്ലാത്തവും തമ്മിലുള്ള അകലം കുറച്ച് സമത്വസുന്ദരമായ ഒരുലോകം സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ. ഇതിനു ഭരണതലത്തിലും രാഷ്ട്രീയ തലത്തിലും ഒരു പരിഹാരം കാണാൻ കഴിയാത്ത സാഹചര്യത്തിൽ കാലത്തിന്റെ വെല്ലുവിളികൾ ഉൾക്കൊണ്ടുകൊണ്ട് ഇത്തരം ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം സ്വമേധയാ നല്ല കാര്യങ്ങൾ ചെയ്യുവാനും നാം തയ്യാറാവണമെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. മന്ത്രി അടൂർ പ്രകാശ് ജീവകാരുണ്യ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ജനറൽ കൺവീനർ ബിജു പി. വർഗീസ് ജീവകാരുണ്യ പദ്ധതികൾ വിശദീകരിച്ചു.

യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അവയവദാന സമ്മതപത്ര സമർപ്പണവും നടന്നു. തോമസ് കല്ലിനാൽ കോറെപ്പിസ്കോപ്പയെ ചടങ്ങിൽ ആദരിച്ചു. ആന്റോ ആന്റണി എം.പി., കെ. ശിവദാസൻ നായർ എം.എൽ.എ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ജോൺ ഡാനിയേൽ കോറെപ്പിസ്കോപ്പാ, ഫാ. കുര്യൻ ജോസഫ്, ഫാ. ഏബ്രഹാം കോശി, ഫാ. ഐപ്പ് പി. സാം, ഫാ. ഗീവർഗ്ഗീസ് സാമുവൽ, പഞ്ചായത്തംഗം എൽസി ജോസഫ് , എം.എം. തമ്പി പാണ്ടിശ്ശേരിൽ, പി.എം. മത്തായി എന്നിവർ പ്രസംഗിച്ചു.

വിശിഷ്ടാതിഥികളെ ദേവാലയ കവാടത്തിൽ നിന്നു വാദ്യമേളങ്ങളുടെയും കത്തിച്ച മെഴുകുതിരികളുടെയും അകമ്പടിയോടെയാണ് സമ്മേളന നഗരിയിലേക്ക് സ്വീകരിച്ചാനയിച്ചത്. സൺഡേ സ്കൂൾ കുട്ടികളുടെ കലാപരിപാടികളും നടന്നു.

കഴിഞ്ഞ വർഷം വളരെ അനുഗ്രഹപ്രദമായ നിലയിൽ സണ്ടേസ്കൂൾ പ്രവർത്തനം എല്ലാ തരത്തിലും ശ്രേഷ്ഠമായി നടക്കുവാൻ സാധിച്ചു വല്ലോ. പുതിയ വർഷം പുതിയ തീരുമാനവും ദർശനവും പുതിയ വഴിയും സ്വായത്തമാക്കുവാൻ ഓരോരുത്തർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 2012-ലെ വാർഷിക പരീക്ഷയിലും മത്സര പരീക്ഷയിലും കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്തെങ്കിലും പരീക്ഷയിൽ പങ്കെടുത്തവർ വളരെ ചുരുക്കമായി കാണപ്പെട്ടു. മാതാപിതാക്കൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചില്ലെങ്കിൽ ഭാവി ദുരിതകരമാകുവാൻ ഇടയാകും എന്നത് മനസ്സിലാക്കണം.

പുതിയപാഠ പുസ്തകം

ഈ വർഷം 3 മുതൽ 6 വരെയും 12-ാം ക്ലാസ്സുകളുടെയും പാഠപുസ്തകം പുതിയതാകയാൽ ജനുവരി 20-ാം തീയതി ഞായറാഴ്ച പാഠപുസ്തകങ്ങൾ യൂണിറ്റ് തലത്തിൽ കൊടുക്കുവാൻ തക്കവണ്ണം ബുക്ക് ഡിപ്പോയിൽ നിന്നും വാങ്ങി കൊടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ജീവകാരുണ്യം

2013-ലെ ഈ വർഷത്തെ ജീവകാരുണ്യ ദിനം ജനുവരി 20-ാം തീയതി ഞായറാഴ്ചയാണ്. ജീവകാരുണ്യ ദിനത്തിൽ പ്രത്യേകം പ്രാർത്ഥനയും സന്ദേശവും ക്രമീകരിക്കുകയും അന്നത്തെ സ്തോത്രകാഴ്ച ഇൻസ്പെക്ടർ മുഖേന കേന്ദ്രത്തിൽ കൊടുക്കേണ്ടതുമാണ്. 2012-ലെ ജീവകാരുണ്യ സഹായം എയ്ഡ്സ് രോഗികളുടെ കുട്ടികളെ വളർത്തുന്ന ബാലഭവനത്തിനും ചികിത്സിക്കുന്ന ആശുപത്രിയ്ക്കും നൽകുന്നതാണ്. ജീവകാരുണ്യത്തിൽ പങ്കാളികളാകുവാൻ കുട്ടികളെ ബോധവൽക്കരിക്കണം. കേന്ദ്രത്തിൽ നിന്നും നമ്മുടെ ഭദ്രാസനത്തിൽ ലഭിച്ച തുക സണ്ടേസ്കൂളിൽ പഠിക്കുന്ന നിർദ്ധനരായ രോഗികൾക്ക് കൊടുക്കുന്നതാണ്. പ്രഥമാദ്ധ്യാപകർ വഴി ഇൻസ്പെക്ടറിൽ കൂടി അപേക്ഷ നൽകേണ്ടതാണ്.

പ്രഥമാദ്ധ്യാപക സമ്മേളനം

2013 ജനുവരി 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ബഥേൽ അരമനയിൽ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സ് ഉത്ഘാടനം ചെയ്യുന്നതും, വൈസ് പ്രസിഡന്റ് ഫാ. കുര്യൻ ജോസഫ് അദ്ധ്യക്ഷത വഹിക്കുന്നതും ഭദ്രാസന സെക്രട്ടറി ബഹു. തോമസ് കൊക്കാപ്പറമ്പിൽ അച്ചൻ ആശംസകൾ നേരുന്നതുമാണ്. അതിനുശേഷം O.S.S.A.E പബ്ലിക്കേഷൻ ഓഫീസർ ബഹു. കെ.വി. തോമസ് അച്ചൻ പ്രഥമാദ്ധ്യാപകർക്ക് ക്ലാസ്സ് എടുക്കുന്നതുമായിരിക്കും.

ഒ.വി.ബി.എസ്.

ഒ.വി.ബി.എസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏപ്രിൽ മുതൽ നടത്തുവാൻ തക്കവണ്ണം ക്രമീകരിക്കേണ്ടതാണ്. മാർച്ച് 8, 9 (വെള്ളി, ശനി) തീയതികളിൽ ഗാനപരിശീലനം നടത്തുവാൻ തക്കവണ്ണം അദ്ധ്യാപകരെ അയയ്ക്കേണ്ടതാണ്.

സർട്ടിഫിക്കറ്റ്

അദ്ധ്യാപക പരിശീലനത്തിന് സംബന്ധിച്ച എല്ലാ അദ്ധ്യാപകർക്കും ജനുവരി 15-ാം തീയതി സർട്ടിഫിക്കറ്റ് നൽകുവാൻ തക്കവണ്ണം ക്രമീകരിക്കുന്നതാണ്.

ഏജന്റുമാരെ ക്ഷണിക്കുന്നു

ഭദ്രാസന മുഖപത്രമായ ബഥേൽ പത്രിക കൂടുതൽ ആളുകളുടെ കൈകളിൽ എത്തിക്കുവാൻ ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ ഇടവക തലത്തിലോ ഭദ്രാസന തലത്തിലോ ഏജന്റുമാരെ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കു ഭദ്രാസന ഓഫീസുമായി ബന്ധപ്പെടുക.

BETHEL PATRIKA MATRIMONIAL

സഭാവിശ്വാസികളായ അനുയോജ്യരായ വധൂവരന്മാരെ തിരഞ്ഞെടുക്കുവാൻ ബഥേൽ പത്രിക അവസരം ഒരുക്കുന്നു. പ്രിന്റ് രൂപത്തിലും ഇന്റർനെറ്റിലും ലഭ്യമാകുന്ന വിവാഹ പരസ്യങ്ങൾ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കുവാൻ ബഥേൽ പത്രിക ഓഫീസുമായി ബന്ധപ്പെടുക.

REG. R.N. 44684/87 BETHEL PATRIKA REGISTERED KL/TLA/71/2012-2014
License No: KL/TLA/WPP/154/2012-2014 Posted at RMS Thiruvalla on 16th & 17th of every month

ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി

ദേവാലയ കൂദാശ | **ത്രിതീയ സുവർണ്ണ ജൂബിലി** | **150-ാം ഇടവക പെരുന്നാൾ**

കാര്യപരിപാടി

ജനുവരി 23		: ഒരുക്കധ്യാനം
ഫെബ്രുവരി 02		: വിളംബര റാലി
ഫെബ്രുവരി 03	2.00 p.m.	: **ദീപശിഖ പ്രയാണം** ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ നിന്നും
	5.00 p.m.	: **കൂദാശ** (കൊടിമരം, കൽക്കുരിശ്, കൽവിളക്ക്)
ഫെബ്രുവരി 06	3.00 p.m.	: **പരി. കാതോലിക്കാ ബാവായേയും അഭി. തിരുമേനിമാരേയും സ്വീകരിക്കുന്നു.** (പുലിയൂർ കിഴക്കേ നടയിൽ നിന്നും) **കൂദാശ ഒന്നാം ഭാഗം**
ഫെബ്രുവരി 07		: **കൂദാശ രണ്ടാം ഭാഗം** **വി. കുർബ്ബാന** **പൊതുസമ്മേളനം** (പരിശുദ്ധ ബാവാ, അഭിവന്ദ്യ തിരുമേനിമാർ, കേന്ദ്രസഹമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷ് എന്നിവർ പങ്കെടുക്കുന്നു.)
ഫെബ്രുവരി 09		: **സമൂഹബലി** (വന്ദ്യരായ ഇടവക പട്ടക്കാരുടെ നേതൃത്വത്തിൽ)
ഫെബ്രുവരി 10	7.00 a.m.	: **വി. കുർബ്ബാന, പെരുന്നാൾ കൊടിയേറ്റ്** **ജൂബിലി സമാപന സമ്മേളനം** അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് (ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സാംസ്കാരിക സാമുദായിക നേതാക്കന്മാരും പങ്കെടുക്കുന്നു)
	7.00 p.m.	: ഗാനമേള
ഫെബ്രുവരി 11, 12, 13, 14		: **കൺവൻഷൻ**
ഫെബ്രുവരി 15		: പെരുന്നാൾ റാസ
ഫെബ്രുവരി 16		: **ഇടവക പെരുന്നാൾ** വി. കുർബ്ബാന

ആശംസകളോടെ...

പനംകുറ്റിയിൽ കുടുംബം
ഇടവങ്കാട്

ചിറമേൽ കുടുംബം
തുരുത്തിമേൽ

റെൻജി വർഗ്ഗീസ്
പുതുപ്പള്ളി മുത്തേടത്ത് കടവിൽ,
ഇടവങ്കാട്

സൻജു ജോൺ, ചെറുവള്ളിൽ
എറണാകുളം

Printed and Published by H.G. Thomas Mar Athanasios Printed at TARA/CGNR, Phone: 0479-2452566
for Philips Printers Chengannur. Chief Editor Fr. Abraham Koshy Kunnumpurathu. Rs. 10/-